06
2026
മേയ്
ബുധൻ
മേടം 23

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 94 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-94 പേജ് 4. വില 2.00 രൂപ

02 യുഡിഎഫിന് വോട്ട് ചെയ്തവർ വിഡ്ഢികൾ: എം.എം. മണി
03 ഗർഭാശയ ഗള കാൻസറിനെ ഉന്മൂലനം ചെയ്യാൻ തയാറെടുത്ത് ഓസ്ട്രേലിയ
04 മുഖ്യമന്ത്രി സ്ഥാനം രാജിവയ്ക്കില്ലെന്ന് മമതാ ബാനർജി

# യുഡിഎഫിൽ ചർച്ചകൾ കൊഴുക്കുന്നു

തിരുവനന്തപുരം: പത്തു വർഷത്തിനു ശേഷം അധികാരം കിട്ടിയതിനു പിന്നാലെ കോൺഗ്രസിലും ഘടകകക്ഷികളിലും മന്ത്രിസ്ഥാന ചർച്ചകൾ കൊഴുക്കുന്നു. മുഖ്യമന്ത്രി ആരാകും എന്നതിൻറെ അടിസ്ഥാനത്തിലായിരിക്കും കോൺഗ്രസിൽ മന്ത്രിമാരെ നിശ്ചയിക്കുക. ഈ കാര്യത്തിൽ കേന്ദ്ര നേതൃത്വത്തിൻറെയും കെപിസിസി നേതൃത്വത്തിൻറെ ഇടപെടലുകളും നിർണായകമാണ്.



ഇപ്പോഴത്തെ നിലയിൽ 21 അംഗ മന്ത്രിസഭയ്ക്കാണ് സാധ്യത. ഇതിൽ പത്ത് മന്ത്രിപദവിയെങ്കിലും ഘടകകക്ഷികൾക്ക് നൽകും.കൂടാതെ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ ചീഫ് വിപ്പ് തുടങ്ങിയ പദവികളും കോൺഗ്രസും ഘടകകക്ഷികളും തമ്മിൽ വീതിച്ചെടുക്കും. കോൺഗ്രസിന് ലഭിക്കുന്ന 11 മന്ത്രി പദവികളിൽ പലവിധ പരിഗണനകൾ വേണ്ടിവരും.

ഇപ്പോഴത്തെ നിലയിൽ രമേശ് ചെന്നിത്തലയാണ് എംഎൽഎമാരിൽ ഏറ്റവും സീനിയർ. തിരുവഞ്ചൂർ രാധാകൃഷ്ണനും കെ. മുരളീധരനും തൊട്ടടുത്തുണ്ട്. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും മുൻ നിരയിലുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിന്ന് കെ. മുരളീധരൻ കൂടാതെ സി.പി.ജോൺ ഘടകകക്ഷി പ്രതിനിധി എന്ന നിലയിൽ മന്ത്രിസഭയിൽ ഇടം പിടിക്കും.

എം.വിൻസെൻറും എറണാകുളത്തുനിന്നുള്ള ടി.എസ്. വിനോദും മന്ത്രികസേരയ്ക്കായി രംഗത്തുണ്ട്. കൊല്ലം ജില്ലയിൽ നിന്ന് ബിന്ദു കൃഷ്ണയും വിഷ്ണുനാഥും രംഗത്തുണ്ട്. വിഷ്ണുനാഥിനെ സ്പീക്കർ പദവിയിലേക്കും പരിഗണിക്കുന്നുണ്ട്. കായംകുളത്തു നിന്ന് ജയിച്ച ലിജു, മുവാറ്റുപുഴയിൽ നിന്നുള്ള മാത്യു കുഴൽനാടൻ,തൃത്താലയിൽ നിന്നുള്ള വി.ടി.ബാൽറാം, കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ്, മലപ്പുറത്തു നിന്നുള്ള എ.പി. അനിൽകുമാർ, വയനാട്ടിൽ നിന്നുള്ള ടി.സിദ്ദിക്ക് എന്നിവർക്കെല്ലാം ഏറെക്കുറെ മന്ത്രിസ്ഥാനം ഉറപ്പാണ്.

സണ്ണി ജോസഫിനെ മന്ത്രി പദവിയിൽ പരിഗണിച്ചില്ലെങ്കിൽ അങ്കമാലിയിൽ നിന്നുള്ള റോജി എം. ജോണായിരിക്കും മന്ത്രിയാകുക. സ്വതന്ത്രന്മാരെ പരിഗണിക്കുകയാണെങ്കിൽ അമ്പലപ്പുഴയിൽ ജയിച്ച ജി. സുധാകരനു തന്നെയായിരിക്കും ആദ്യപരിഗണന മുസ്ലിം ലീഗിൽ നിന്ന് അഞ്ച് മന്ത്രിമാരുണ്ടാകും. പി.കെ.കുഞ്ഞാലിക്കുട്ടിയെ കൂടതെ പി.കെ. ബഷീർ, മഞ്ഞളാംകുഴി അലി, ആബിദ് ഹുസൈൻ തങ്ങൾ, കെ.എം. ഷാജി , എൻ.ഷംസുദീൻ എന്നിവരാണ് പരിഗണനയിലുള്ളത്.

കേരള കോൺഗ്രസിൽ നിന്ന് മോൻസ് ജോസഫിനാണ് ആദ്യപരിഗണന. മറ്റു പദവികൾ കിട്ടുകയാണെങ്കിൽ ഇരിങ്ങാലക്കുടയിൽ നിന്നുള്ള തോമസ് ഉണ്ണിയാടന് സാധ്യതയുണ്ട്. പി.ജെ. ജോസഫിൻറെ മകനായ അപു ജോസഫിന് മന്ത്രി പദവിയിൽ താൽപര്യമുണ്ടെങ്കിൽ മുന്തിയ പരിഗണന കിട്ടിയേക്കും.

ആർഎസ്പിയിലെ ഷിബു ബേബിജോണും മന്ത്രി പദവി ഉറപ്പിച്ചു. ഒരു എംഎൽഎ മാത്രമുള്ള കേരള കോൺഗ്രസ് ജേക്കബ് വിഭാഗത്തിന് മന്ത്രി പദവി കിട്ടുമോയെന്ന് ഇപ്പോൾ പറയാൻ ആകില്ല. ഒറ്റക്കക്ഷികൾക്ക് രണ്ടരവർഷം വീതം നൽകുകയാണെങ്കിൽ അനൂപും വടകരയിൽ നിന്നുള്ള കെ.കെ.രമയും പരിഗണനയിൽ വന്നേക്കും.

കെ.കെ.രമയെ ഡെപ്യൂട്ടി സ്പീക്കറായി പരിഗണിക്കണമെന്ന് അഭിപ്രായവും സജീവമാണ്. സ്പീക്കർ പദവി കോൺഗ്രസ് ഏറ്റെടുക്കും. സീനിയർ നേതാക്കളായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മുൻ സ്പീക്കർകൂടിയായ എൻ.ശക്തൻ, പി.സി വിഷ്ണുനാഥ് എന്നിവരുടെ പേരാണ് പരിഗണനയിൽ.

## രാഷ്ട്രീയ നീക്കവുമായി മുമ്പേയിറങ്ങി, പക്ഷെ മുനമ്പവും വഖഫ് ഭേദഗതിയും തുണച്ചില്ല

കൊച്ചി: വൈപ്പിൻ മണ്ഡലത്തിൽ എൽഡിഎഫിൻറെ എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചാണ് യുഡിഎഫ് സ്ഥാനാർഥി ടോണി ചമ്മിണിയുടെ ചരിത്ര വിജയം. എന്നാൽ വഖഫ് ഭേദഗതി ബിൽ അടക്കം പാസാക്കി ഒരു പ്രത്യേക ന്യൂനപക്ഷത്തിൻറെ വോട്ട് ലക്ഷ്യമിട്ട് ഇറങ്ങിയ എൻഡിഎക്കും എൽഡിഎഫിനൊപ്പം വലിയ തിരിച്ചടിയേറ്റു എന്നതാണ് സത്യം. എൻഡിഎയുടെ സഖ്യകക്ഷിയായ ട്വൻറി 20യുടെ സ്ഥാനാർഥി കനത്ത പരാജയമാണ് ഏറ്റുവാങ്ങിയത്.

ട്വൻറി 20 സ്ഥാനാർഥിയായ അനിത തോമസിന് ആകെ ലഭിച്ചത് 13637 വോട്ടുകളാണ്. 2021ലെ തെരഞ്ഞെടുപ്പിൽ 8201 വോട്ടുകൾക്ക് യുഡിഎഫ് സ്ഥാനാർഥി ദീപക് ജോയ് എൽഡിഎഫിൻറെ കെ.എൻ. ഉണ്ണികൃഷ്ണനോട് പരാജയം ഏറ്റുവാങ്ങിയപ്പോൾ, ട്വൻറി 20യുടെ ഡോക്ടർ ജോബ് 16707 വോട്ടുകൾ നേടിയിരുന്നു. അന്ന് ഒറ്റക്ക് മത്സരിച്ച ബിജെപിയുടെ കെ.എസ്. ഷൈജു 13540 വോട്ടുകൾ നേടിയിരുന്നു.

എന്നാൽ ഇത്തവണ ട്വൻറി20 എൻഡിഎയുടെ ഭാഗമായി മത്സരിച്ചപ്പോൾ 13637 വോട്ടുകൾ മാത്രമാണ് ലഭിച്ചത്. ഇത് കഴിഞ്ഞ തവണ ബിജെപിക്ക് ലഭിച്ച വോട്ടുകൾക്ക് ഏതാണ്ട് തുല്യമാണ്. അതിനർഥം കഴിഞ്ഞ തവണ ട്വൻറി 20 മത്സരിച്ചപ്പോൾ, യുഡിഎഫിൽ നിന്നും അടർന്നു പോയ വോട്ടുകൾ ഭൂരിഭാഗവും യുഡിഎഫിലേക്ക് തിരിച്ചെത്തി.

ഒപ്പം ബിജെപിയുടെ വോട്ട് ബാങ്കുകളിൽ ചോർച്ച ഉണ്ടായതായാണ് രാഷ്ട്രീയ നിരീക്ഷകർ ചൂണ്ടിക്കാണിക്കുന്നത്. ട്വൻറി20ക്ക് വോട്ട് വീഴാതിരുന്നത് യുഡിഎഫ് വിജയത്തിന് അനുകൂല ഘടകമായി. ഒപ്പം ബിജെപിയുടെ വോട്ടുകൾ പൂർണമായും എൻഡിഎക്ക് ലഭിച്ചില്ല എന്നാണ് നിരീക്ഷകരുടെ വിലയിരുത്തൽ.

തെരഞ്ഞെടുപ്പിന് മുമ്പ് തന്നെ രാഷ്ട്രീയ നീക്കവുമായി ബിജെപി വൈപ്പിനിൽ എത്തിയിരുന്നു. വഖഫ് ഭൂമി വിഷയത്തിൽ മുനമ്പത്ത് സമരസമിതിക്ക് പിന്തുണ നൽകി ബിജെപി സജീവമായിരുന്നു. എന്നാൽ വഖഫ് വിഷയം ഈ തെരഞ്ഞെടുപ്പിൽ അട്ടിമറി ഉണ്ടാക്കാനായില്ല. മുനമ്പത്ത് കുടിയൊഴിപ്പിക്കൽ ഭീഷണിക്കെതിരെ ഭൂസംരക്ഷണ സമിതി നടത്തിയ സമരത്തിന് പിന്തുണയുമായാണ് ബിജെപി നേതാക്കൾ എത്തിയത്.

വഖഫ് ബിൽ ഭേദഗതിയിലൂടെ പ്രശ്നത്തിന് പരിഹാരം കാണുമെന്ന് ബിജെപി നേതാക്കൾ ഉറപ്പു നൽകി. രാജീവ് ചന്ദ്രശേഖർ അടക്കമുള്ള മുതിർന്ന നേതാക്കൾ മുനമ്പം സന്ദർശിച്ചു. വഖഫ് ഭേദഗതി ബിൽ പാസായതോടെ കുടിയൊഴിപ്പിക്കൽ ഭീഷണി നേരിട്ട സ്ഥലത്തെ സമരസമിതിയിൽ നിന്നും 50ൽ അധികം പേർ ബിജെപിയിൽ അംഗത്വം എടുത്തു.

പിന്നാലെ ഇടതിൻറെ കോട്ടയായ പള്ളിപ്പുറം പഞ്ചായത്തിലെ മുനമ്പം കടപ്പുറം വാർഡിൽ ബിജെപി സ്ഥാനാർഥി കുഞ്ഞിമോൻ അഗസ്റ്റിൻ വിജയിച്ചു. സിപിഎം സ്ഥാനാർഥി റോക്കി ബിനോയിയെ 31 വോട്ടുകൾക്ക് പരാജയപ്പെടുത്തിയായിരുന്നു കുഞ്ഞിമോൻറെ വിജയം. എന്നാൽ ഇത്തവണ തെരഞ്ഞെടുപ്പിൽ പള്ളിപ്പുറത്ത് നിന്നും വോട്ടെണ്ണി തുടങ്ങിയപ്പോൾ എൻഡിഎക്ക് കനത്ത പ്രഹരമേറ്റു.

ആദ്യ റൗണ്ടിൽ 861 വോട്ടുകൾക്ക് എം.ബി. ഷൈനി ലീഡ് ചെയ്തു. എന്നാൽ ടോണി ചമ്മിണി ലീഡ് ഏറ്റെടുക്കുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്.

## ’വലിയ ഭൂരിപക്ഷം വലിയ ഉത്തരവാദിത്തം, വിജയത്തിൽ മതിമറക്കരുത്’: കെ മുരളീധരൻ

തിരുവനന്തപുരം: യുഡിഎഫിൻറെ മൃഗീയ ഭൂരിപക്ഷം വലിയ ഉത്തരവാദിത്തം കൂടിയാണെന്ന് കെ. മുരളീധരൻ. അതനുസരിച്ചു നേതാക്കൾ പെരുമാറണം. 2001ൽ താനടക്കമുള്ളവർ വിജയത്തിൽ മതിമറന്നതിന് പിന്നാലെ തിരിച്ചടി ഉണ്ടായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നത് ഉൾപ്പെടെ പ്രശ്നങ്ങൾ ഇല്ലാതെ നടക്കണം. ടീം യുഡിഎഫ് ആയി കാര്യങ്ങൾ മുന്നോട്ട് പോകണം. മുൻപ് ചെയ്ത തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ കോൺഗ്രസ് ശ്രദ്ധിക്കണമെന്നും മുരളീധരൻ ചൂണ്ടിക്കാട്ടി. വട്ടിയൂർക്കാവിൽ തങ്ങളുടെ കണക്ക് കൃത്യമായിരുന്നു. 5000 മുതൽ 7000 വരെ ഭൂരിപക്ഷം ആണ് വിലയിരുത്തിയതെന്നും അത് സംഭവിച്ചുവെന്നും മുരളീധരൻ വ്യക്തമാക്കി.

## സിഎംഒ മീഡിയ ഇനി ഒപ്പോസിഷൻ മീഡിയ; മുഖ്യമന്ത്രിയുടെ വാട്സാപ്പ് ഗ്രൂപ്പിന്റെ പേര് മാറ്റി

തിരുവനന്തപുരം: കേരള രാഷ്ട്രീയത്തിൽ വൻ അധികാര മാറ്റങ്ങൾക്കും അഴിച്ചുപണികൾക്കും കളമൊരുങ്ങുന്നതിനിടെ, മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാർത്താ വിതരണ സംവിധാനങ്ങളിൽ നിർണ്ണായക മാറ്റം. മുഖ്യമന്ത്രിയുടെ ഔദ്യോഗിക അറിയിപ്പുകളും വാർത്താ സമ്മേളന വിവരങ്ങളും മന്ത്രിസഭാ തീരുമാനങ്ങളും പങ്കുവെച്ചിരുന്ന ’സിഎംഒ മീഡിയ’ എന്ന ഔദ്യോഗിക വാട്സാപ്പ് ഗ്രൂപ്പിന്റെ പേര് ’ഒപ്പോസിഷൻ മീഡിയ’ എന്നാക്കി മാറ്റി. സാങ്കേതികമായി ഇനി മുഖ്യമന്ത്രി എന്ന നിലയിൽ പഴയ പേരിൽ തുടരാനാവാത്ത സാഹചര്യത്തിലാണ് ഈ മാറ്റമെങ്കിലും, ആ ഗ്രൂപ്പ് അതേപടി നിലനിൽക്കുമെന്നും വാർത്താ വിതരണം തുടരുമെന്നുമാണ് റിപ്പോർട്ടുകൾ.

തിരഞ്ഞെടുപ്പിലെ കനത്ത പരാജയത്തിന് പിന്നാലെ തന്റെ ഔദ്യോഗിക പദവികൾ ഓരോന്നായി മാറ്റുന്ന തിരക്കിലാണ് പിണറായി വിജയൻ. ഇതിന്റെ മുന്നോടിയായി തന്റെ സോഷ്യൽ മീഡിയ അക്കൗണ്ടുകളിലെ ബയോയിൽ നിന്ന് മുഖ്യമന്ത്രി എന്ന പദവി അദ്ദേഹം നേരത്തെ നീക്കം ചെയ്തിരുന്നു.



എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ പരിസരത്ത് വി.ഡി. സതീശന് നൽകിയ സ്വീകരണം

## അച്ചട്ടായി കെ.കെ. രമയുടെ വാക്കുകൾ

കോഴിക്കോട്: ടി.പി. ചന്ദ്രശേഖരൻറെ രക്തസാക്ഷിത്വ ദിനമായ മേയ് നാലിന് പിണറായി ഭരണത്തിന് അന്ത്യം കുറിക്കുമെന്ന് വടകരയിലെ ആർഎംപിഐ-യുഡിഎഫ് സ്ഥാനാർഥി കെ.കെ. രമ പറഞ്ഞത് അച്ചട്ടായി.

തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടെടുപ്പ് ഏപ്രിൽ ഒൻപതിനും വോട്ടെണ്ണൽ മേയ് നാലിനും നടക്കുമെന്ന് പ്രഖ്യാപിച്ച ഉടൻ ആർഎംപിഐ സാമൂഹിക മാധ്യമഅക്കൗണ്ടുകളിൽ ‘മേയ് നാല് ടി.പി. ചന്ദ്രശേഖരൻറെ രക്തസാക്ഷി ദിനത്തിൽ പിണറായിസം അവസാനിക്കും’ എന്ന് കുറിച്ചിരുന്നു.

ഇത് ശരിവയ്ക്കുന്ന തരത്തിലുള്ള സൂചനകളാണ് ആദ്യറൗണ്ടുകളിൽ പുറത്തു വന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ള പ്രമുഖ എൽഡിഎഫ് നേതാക്കൾ ആദ്യറൗണ്ടുകളിൽ പതറിയ സാഹചര്യത്തിലായിരുന്നു കെ.കെ. രമയുടെ വാക്കുകൾ.

എൽഡിഎഫ് സർക്കാരിൻറെ പതനം വ്യക്തമായതോടെ ‘കൊല്ലാൻ ആഹ്വാനം ചെയ്തവൻ വെയിലത്ത് നഗ്നനായി നിൽക്കുന്ന കാഴ്ച’എന്ന് കെ.കെ.രമ ഫേസ്ബുക്കിൽ കുറിച്ച വാക്കുകളും ഏറെ ചർച്ചയായി. ‘പിന്നിട്ട ആറ് റൗണ്ടുകൾ, മതി കേരളമേ! ഇതു മതി. കുലംകുത്തി എന്നു ചാപ്പയടിച്ച് കൊല്ലാൻ ആഹ്വാനം ചെയ്തവൻ പൊള്ളുന്ന വെയിലത്ത് നഗ്നനായി നിൽക്കുന്ന കാഴ്ച കാണാൻ ഒരു വ്യാഴവട്ടക്കാലത്തിനു ശേഷം ചന്ദ്രശേഖരനു കഴിഞ്ഞു...രാഷ്ട്രീയ കേരളത്തിന് അഭിവാദ്യങ്ങൾ’.-ഇതായിരുന്നു രമയുടെ കുറിപ്പ്.

തെരഞ്ഞെടുപ്പിനെ നയിച്ച മുഖ്യമന്ത്രി പിണറായി വിജയൻ മത്സരിച്ച ധർമ്മടം മണ്ഡലത്തിൽ ആറ് റൗണ്ട് വോട്ടെണ്ണൽ പൂർത്തിയായപ്പോഴും അദ്ദേഹം പിന്നിലായിരുന്നു. അദ്ദേഹത്തെ പരോക്ഷമായി പരാമർശിച്ചു കൊണ്ടായിരുന്നു കെ.കെ. രമയുടെ ഫേസ്ബുക്ക് പോസ്റ്റ്.

2012 മേയ് നാലിനാണ് ഇന്നോവ കാറിലെത്തിയ അക്രമിസംഘം വടകര വള്ളിക്കാട് ജംഗ്ഷനിൽ വച്ച് കെ.കെ. രമയുടെ ഭർത്താവ് ടി.പി. ചന്ദ്രശേഖരനെ ക്രൂരമായി വെട്ടിക്കൊന്നത്. സിപിഎമ്മിൻറെ ചെങ്കോട്ടയായ വടകരയിൽ കെ.കെ. രമയുടെ വിജയം, അക്രമ, കൊലപാതക രാഷ്ട്രീയത്തെ സിപിഎം അണികൾ പോലും പ്രത്യേകിച്ച് സ്ത്രീ വോട്ടർമാർ വെറുക്കുകയാണെന്ന സൂചനയാണ് നൽകുന്നത്.



# യുഡിഎഫിന് വോട്ട് ചെയ്തവർ വിഡ്ഢികൾ: എം.എം. മണി

ഇടുക്കി: സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫിന് വോട്ട് ചെയ്തവർ വിഡ്ഢികളാണെന്ന് സിപിഎം നേതാവും മുൻമന്ത്രിയുമായ എം.എം. മണി.

പരാജയപ്പെട്ടെങ്കിലും തളരില്ലെന്നും മുണ്ടും മടക്കിക്കുത്തി ജനങ്ങൾക്കിടയിലേക്ക് വീണ്ടും സജീവമായി ഇറങ്ങുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തെരഞ്ഞെടുപ്പ് കഴിയുന്നതിന് മുൻപേ മുഖ്യമന്ത്രി സ്ഥാനത്തെ കുറിച്ച് ചർച്ച ചെയ്ത പാർട്ടിയെ കുറിച്ച് എന്തുപറയാനാണ്. തെരഞ്ഞെടുപ്പ് വിജയിച്ചതിന് പിന്നാലെ തന്നെ യുഡിഎഫിൽ മുഖ്യമന്ത്രി സ്ഥാനത്തിനായി അടി തുടങ്ങിക്കഴിഞ്ഞു. അധികാര വടംവലിയാണ് ഇപ്പോൾ അവിടെ നടക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

തെരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്യുമ്പോൾ ജനങ്ങളുടെ നിലപാടിൽ മാറ്റം വന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കേണ്ടതുണ്ട്. ജനങ്ങൾ വിഡ്ഢികളായതുകൊണ്ടാണ് ഇത്തരമൊരു സാഹചര്യം ഉണ്ടായത്.

ജനങ്ങൾ ഇത്തരത്തിൽ ചിന്തിക്കുന്നതിനും വോട്ട് രേഖപ്പെടുത്തുന്നതിനും പിന്നിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്ന് പാർട്ടി ഗൗരവമായി പരിശോധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പാർട്ടിയുടെ നയങ്ങളും പ്രവർത്തനങ്ങളും ജനങ്ങളിലേക്ക് എത്തുന്നതിൽ എവിടെയാണ് പാളിച്ച സംഭവിച്ചതെന്ന് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

# സിപിഎമ്മിൻറെ തോൽവിയിൽ നിന്നും യുഡിഎഫും പഠിക്കണം: എ.കെ.ആൻറണി

തിരുവനന്തപുരം: സിപിഎമ്മിൻറെ തോൽവിയിൽനിന്നും യുഡിഎഫും പഠിക്കണമെന്ന് മുൻ മുഖ്യമന്ത്രിയും കോൺഗ്രസിൻറെ മുതിർന്ന നേതാവുമായ എ.കെ.ആൻറണി. ഭരണം കിട്ടികഴിഞ്ഞാൽ ജനങ്ങളെ മറക്കരുതെന്ന് അദ്ദേഹം പ്രതികരിച്ചു.

ചരിത്രത്തിലെ ഏറ്റവും വലിയ തോൽവിക്ക് കാരണം എന്താണെന്ന് പരിശോധിച്ച ശേഷം സിപിഎം മര്യാദക്കാരായി മാറണം. ജനങ്ങളാണ് യജമാനന്മാരെന്ന് തിരിച്ചറിയണം.

മുഖ്യമന്ത്രിസ്ഥാനത്തേക്ക് ഉയർന്ന് കേൾക്കുന്ന മൂന്ന് പേരും തൻറെ ഇഷ്ടക്കാരാണെന്നും അവർ എല്ലാവരും യോഗ്യരാണെന്നും അദ്ദേഹം പറഞ്ഞു. ഏതെങ്കിലും ഒരാളിലേക്ക് വിരൽ ചൂണ്ടാൻ താൻ ആഗ്രഹിക്കുന്നില്ല.

നല്ല മന്ത്രിമാർ ഉണ്ടാകണം. കേരളത്തിൻറെ പരിതാപകരമായ സ്ഥിതി മനസിലാക്കി സാമ്പത്തിക തകർച്ചയിൽനിന്ന് സംസ്ഥാനത്തെ രക്ഷിക്കാനാണ് ശ്രമിക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വിജയാഘോഷത്തിനിടെ പ്രവർത്തകൻ കുഴഞ്ഞു വീണു മരിച്ചു

കോഴിക്കോട്: കൊടുവള്ളിയിൽ യുഡിഎഫ് വിജയാഘോഷത്തിനിടെ മുസ്ലീം ലീഗ് പ്രവർത്തകൻ കുഴഞ്ഞുവീണു മരിച്ചു. കൊടുവള്ളി പന്നൂർ സ്വദേശി ഹാഷിദ് അലി ആണ് മരിച്ചത്.

ചൊവ്വാഴ്ച രാത്രി ഏഴരയോടെയായിരുന്നു സംഭവം. ഉടൻ തന്നെ ഹാഷിദിനെ സമീപത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

പ്രവാസിയായ ഹാഷിദ് രണ്ട് മാസം മുൻപാണ് നാട്ടിൽ അവധിക്കായി എത്തിയത്. സംസ്കാരം പന്നൂർ ജുമുഅ മസ്ജിദിൽ നടന്നു.

# വിജയത്തിന് പിന്നാലെ കെ. മുരളീധരനെ കാണാനെത്തി കെ. സുധാകരൻ

തിരുവനന്തപുരം: വട്ടിയൂർക്കാവിൽ വൻ പോരാട്ടത്തിനൊടുവിൽ വിജയം നേടിയ കെ.മുരളീധരനെ നേരിട്ടുകണ്ട് അഭിനന്ദനമറിയിച്ച് കെ.സുധാകരൻ. കൂടിക്കാഴ്ചയ്ക്ക് ഒരു കാരണവുമില്ലെന്നാണ് അദ്ദേഹം മാധ്യമങ്ങളോടു പ്രതികരിച്ചത്.

മുഖ്യമന്ത്രി ആരെന്ന് പാർട്ടി ചർച്ച ചെയ്യും. അത് കെ. മുരളീധരനും കെ. സുധാകരനും ചർച്ച ചെയ്യേണ്ടത് അല്ല. ഹൈക്കമാൻഡാണ് തീരുമാനമെടുക്കുന്നതെന്നും സുധാകരൻ പറഞ്ഞു.

ആര് മുഖ്യമന്ത്രിയാകണം എന്ന ആഗ്രഹം ഇപ്പോൾ പറയാനാവില്ല. കെ.സി വേണുഗോപാൽ മുഖ്യമന്ത്രിയാകണം എന്ന് പറഞ്ഞ അന്നത്തെ സാഹചര്യം ഇപ്പോഴും ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കാലിടറിയത് എവിടെ സ്വീകാര്യതയില്ലാത്തവരെ വിശ്വസ്തരാക്കിയത്

കൊച്ചി: ജനവിധി പൂർണമായും അംഗീകരിക്കുന്നുവെന്ന് പറഞ്ഞ് ആയുധം വച്ച് കീഴടങ്ങിയിരിക്കുകയാണ് പി. രാജീവ്. എന്നാൽ മാളത്തിൽ ഒളിക്കാനില്ല. ജനവിശ്വാസം ആർജ്ജിച്ച് ശക്തമായി തിരിച്ചുവരാനുള്ള പ്രവർത്തനങ്ങൾ തുടരും എന്നു പറഞ്ഞുകൊണ്ടാണ് തിരികെ പോക്ക്. സംസ്ഥാന തലത്തിൽ അറിയപ്പെടുന്ന നേതാവായി ഖ്യാതി നേടിയ പി. രാജീവിന് അടിപതറിയത് എവിടെയാണ്

വ്യവസായ മന്ത്രിയായി കൊണ്ടുവന്ന വികസനങ്ങൾ എണ്ണി പറയുമ്പോഴും താൻ നിൽക്കുന്ന ഭൂമിയിലെ മണ്ണൊലിച്ചു പോകുന്നത് രാജീവ് അറിഞ്ഞിരുന്നില്ല. കേരളത്തിലെ മികച്ച മന്ത്രിമാരിൽ ഒരാൾ, കഴിഞ്ഞ സർക്കാരിലെ ഏറെ ജനകീയനായ വ്യക്തി എന്ന നിലകളിൽ പേരെടുത്ത ആളാണ് പി. രാജീവ്. എന്നാൽ യുഡിഎഫ് തരംഗത്തിൽ രാജീവിന് കാലിടറി.

അഡ്വ. വി.ഇ. അബ്ദുൽ ഗഫൂറിലൂടെ മുസ്ലീം ലീഗ് കളമശേരി മണ്ഡലത്തിൽ തിരിച്ചെത്തി. പി. രാജീവിനെ 16,312 വോട്ടുകൾക്കാണ് ഗഫൂർ പരാജയപ്പെടുത്തിയത്. 2021ൽ നേരിട്ട തോൽവിക്ക് എൽഡിഎഫിന് അതേ നാണയത്തിൽ തന്നെ യുഡിഎഫ് മറുപടി നൽകി.

സ്വന്തം മണ്ഡലത്തിൽ പ്രദേശികമായ ഇടപെടലുകൾ കുറഞ്ഞത് രാജീവിന് വിനയായി മാറുകയായിരുന്നു. ഒപ്പം എന്ന പേരിൽ വികസന പദ്ധികൾ നടപ്പാക്കി മുന്നേറിയെങ്കിലും മണ്ഡലത്തിൽ സജീവമായി ഇടപെടുകയോ താഴേത്തട്ടിൽ ഇറങ്ങി പ്രവർത്തിക്കുകയോ രാജീവ് ചെയ്തിരുന്നില്ല എന്നാണ് നിരീക്ഷകരുടെ വിലയിരുത്തൽ.

പാർട്ടി അണികളുമായും പ്രദേശിക പ്രവർത്തകരുമായും രാജീവ് വലിയ ബന്ധം പുലർത്തിയിരുന്നില്ല. ഉന്നത ബന്ധങ്ങൾ ഉണ്ടായിരുന്നെങ്കിലും താഴേക്കിടയിൽ ബന്ധങ്ങൾ സൂക്ഷിക്കാൻ രാജീവിനായില്ല. പാർട്ടിക്കകത്തും രാജീവിനോട് വിരോധമുള്ളവർ ഉണ്ടായിരുന്നു. വിയോജിപ്പുള്ള പാർട്ടി അണികളെ കൂടെ എത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചതുമില്ല.

കളമശേരിയിൽ തന്റെ വിശ്വസ്തരായി രാജീവ് കൂടെ കൂട്ടിയവർ പാർട്ടിയിൽ സ്വീകാര്യതയില്ലാത്ത ആളുകളായിരുന്നു എന്നും ആക്ഷേപമുണ്ട്. പാർട്ടിയിൽ നിന്നും പുറത്താക്കപ്പെട്ട, പിന്നീട് തിരിച്ചുവന്ന ചിലർ ആയിരുന്നു രാജീവിന്റെ വിശ്വസ്തർ. സ്വീകാര്യത കുറഞ്ഞ ആളുകളെ വിശ്വാസത്തിലെടുത്ത് നയിച്ചു എന്നതും രാജീവിന്റെ വീഴ്ചയ്ക്ക് കാരണമായി.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ രാജീവും ഗഫൂറും ഏറ്റുമുട്ടിയപ്പോൾ 15,336 വോട്ടിനായിരുന്നു പി. രാജീവ് വിജയിച്ചത്. 2011ൽ മണ്ഡലം രൂപീകൃതമായ ശേഷം ലീഗിനെ മാത്രം ജയിപ്പിച്ച കളമശേരിൽ അപ്രതീക്ഷിത വിജയം ആയിരുന്നു രാജീവിന്റേത്. രണ്ടാം പിണറായി സർക്കാരിൽ വ്യവസായ വകുപ്പ് മന്ത്രിയായി.

വ്യവസായ നഗരമായ കളമശേരിയിൽ വ്യവസായ മന്ത്രിയായി നടത്തിയ പ്രവർത്തനങ്ങളുടെ ആത്മവിശ്വാസത്തിലായിരുന്നു രാജീവ്. എന്നാൽ ആ വിശ്വാസം തകർന്നു. വോട്ടെണ്ണി തുടങ്ങിയപ്പോൾ മുതൽ ലീഡ് നേടിയത് അബ്ദുൽ ഗഫൂർ ആയിരുന്നു. ഇതോടെ ജില്ലയിലെ ആകെയുള്ള ഒരു മന്ത്രി ദയനീയമായി പരാജയപ്പെട്ടു.

2008ൽ രൂപീകരിച്ച കളമശേരി മണ്ഡലത്തിൽ 2011ൽ ആയിരുന്നു ആദ്യ തെരഞ്ഞെടുപ്പ് നടന്നത്. 2011ലും 2016ലും വി.കെ. ഇബ്രാഹിംകുഞ്ഞാണ് മണ്ഡലം പിടിച്ചെടുത്തത്.

എന്നാൽ പാലാരിവട്ടം പാലം അഴിമതി ആരോപണവും വികസന വിരുദ്ധ വികാരവും രാഷ്ട്രീയ ചിത്രം മാറ്റിയെഴുതി. ഇബ്രാഹിംകുഞ്ഞിന്റെ മകൻ അബ്ദുൽ ഗഫൂർ സ്ഥാനാർഥി ആയപ്പോൾ പി. രാജീവ് മണ്ഡലം പിടിച്ചെടുത്തു. ഒടുവിൽ കളമശേരി വീണ്ടും ലീഗ് എടുത്തു.

# തമിഴ്നാട്ടിൽ തിരിച്ചടിയേറ്റ് ബിജെപി; കിട്ടിയത് ഒറ്റ സീറ്റിൽ കഷ്ടിച്ച് ജയം

ചെന്നൈ: ബംഗാളിലും ആസാമിലും ഭരണം പിടിക്കുകയും കേരളത്തിൽ മൂന്നു സീറ്റുകൾ നേടി സ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്തതിനിടയിലും തമിഴ്നാട്ടിൽ ബിജെപിക്കു കനത്ത പ്രഹരം. 2021 തെരഞ്ഞെടുപ്പിൽ നാലു സീറ്റ് നേടിയിരുന്ന ബിജെപി ഇത്തവണ ഒറ്റ സീറ്റിൽ ഒതുങ്ങി. അതും നേരിയ ഭൂരിപക്ഷത്തിന്.

എം. ഭോജരാജൻ ഉദഗമണ്ഡലം സീറ്റിൽ 976 വോട്ടിന് ജയിച്ചതാണ് ഇത്തവണത്തെ ഏക ആശ്വാസം. തമിഴ്നാട്ടിൽ എഐഎഡിഎംകെ നയിക്കുന്ന നാഷണൽ ഡെമോക്രാറ്റിക് അലയൻസിൻറെ (എൻഡിഎ) ഘടകകക്ഷിയായി മത്സരിച്ച ഭാരതീയ ജനതാ പാർട്ടി 27 സീറ്റിൽ മത്സരിച്ചിട്ടാണ് ഒറ്റ സീറ്റ് വിജയത്തിലേക്ക് ഒതുങ്ങിയത്.

കോയമ്പത്തൂർ, മോഡക്കുറിച്ചി, നാഗർകോവിൽ, തിരുനൽവേലി എന്നിവടങ്ങളിലാണ് നിലവിൽ ബിജെപിക്ക് എംഎൽഎമാർ ഉണ്ടായിരുന്നത്. എന്നാൽ, പാർട്ടിയിലെ പ്രമുഖരെല്ലാം ഇത്തവണ പരാജയപ്പെട്ടു. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുകൻ (അവനാഷി), പാർട്ടി സംസ്ഥാന അധ്യക്ഷൻ നൈനാർ നാഗേന്ദ്രൻ (സത്തൂർ), മുൻ തെലങ്കാന ഗവർണർ തമിഴ്സൈ സൗന്ദരരാജൻ (മൈലാപ്പൂർ), ബിജെപി മഹിളാ മോർച്ച ദേശീയ അധ്യക്ഷ വാനതി ശ്രീനിവാസൻ (കോയമ്പത്തൂർ നോർത്ത്), നിലവിലെ എംഎൽഎ എം.ആർ. ഗാന്ധി (നാഗർകോവിൽ), എസ്.വി.വിജയധരാണി എന്നിവരെല്ലാം തോൽവി ഏറ്റുവാങ്ങി.

സി.ഉദയകുമാർ (ഗന്ധർവ കോട്ടൈ), എൻ.രാമചന്ദ്രൻ (പുതുക്കോട്ട), ബിജെപി വനിതാ വിഭാഗം സംസ്ഥാന പ്രസിഡൻറ് കവിത ശ്രീകാന്ത് (അറന്തങ്കി), ദക്ഷിണേന്ത്യൻ ഫോർവേഡ് ബ്ലോക്ക് നേതാവ് കെ.സി. തിരുമാരൻ (തിരുപ്പത്തൂർ), പൊൻ. വി.ബാലഗണപതി (മാനാമധുര), രാമ ശ്രീനിവാസൻ (മധുര സൗത്ത്), ജിബിഎസ് കെ.നാഗേന്ദ്രൻ (രാമനാഥപുരം), അനന്തൻ അയ്യസ്വാമി (വാസുദേവനല്ലൂർ), കെ.ആർ.എം. രാധാകൃഷ്ണൻ (തിരുച്ചെന്തൂർ), എസ്.പി.ബാലകൃഷ്ണൻ (രാധാപുരം), ടി.ശിവകുമാർ (കോളച്ചൽ), പി.രമേശ് (പത്മനാഭപുരം) എന്നിവരും തോറ്റു.

എൻഡിഎയുടെ മറ്റൊരു ഘടകകക്ഷിയായ തമിഴ് മനില കോൺഗ്രസ് (മൂപ്പനാർ) അഞ്ച് സീറ്റുകളിൽ ബിജെപിയുടെ 'താമര' ചിഹ്നത്തിൽ മത്സരിച്ചപ്പോൾ എല്ലായിടത്തും തോറ്റു. വിടിയൽ എസ്.ശേഖർ (ഒട്ടഞ്ചത്തിരം), എം.കെ.ആർ. അശോക് കുമാർ (കുംഭകോണം), എം. യുവരാജ (ഈറോഡ് വെസ്റ്റ്), വി.എം. കാർത്തികേയൻ (റാണിപേട്ട്), ജെ. നിവിൻ സൈമൺ (കില്ലിയൂർ) എന്നിവരാണ് തോറ്റത്. രാജപാളയത്ത് ബിജെപി ചിഹ്നത്തിൽ മത്സരിച്ച തമിഴക മക്കൾ മുന്നേറ്റ കഴകം നേതാവ് ബി. ജോൺ പാണ്ഡ്യൻറെ ഭാര്യ പ്രിസില്ല പാണ്ഡ്യനും പരാജയപ്പെട്ടു.

എഡിഎംകെ നേതൃത്വത്തിലുള്ള സഖ്യത്തിൻറെ ഭാഗമായി 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 2.62% വോട്ടാണ് ബിജെപി നേടിയിരുന്നത്. അതേസമയം, 2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രമുഖ ദ്രാവിഡ കക്ഷികളുമായി സഖ്യമുണ്ടാക്കാതെയും മുന്നണിയില്ലാതെയും മത്സരിച്ച് 11.24 ശതമാനം വോട്ട് നേടിയിരുന്നു.

അവിടെനിന്നാണ് നിയമസഭാ തെരഞ്ഞെടുപ്പിൽ വളരെ താഴേക്കു പോയത്. ഇത്തവണ പാർട്ടിക്ക് കഷ്ടിച്ച് മൂന്നു ശതമാനമാണ് പാർട്ടിക്കു കിട്ടിയ വോട്ട് വിഹിതം. സംസ്ഥാന ബിജെപി ഘടകത്തിലെ ഗ്രൂപ്പു പോരും മറ്റുമാണ് പാർട്ടിക്കു തിരിച്ചടിയുണ്ടാകാൻ കാരണമെന്നാണ് വിലയിരുത്തൽ. അണ്ണാമലൈ അടക്കമുള്ള നേതാക്കൾ നേതൃത്വവുമായി ഇടഞ്ഞു നിൽക്കുകയായിരുന്നു. പ്രചാരണത്തിൻറെ അവസാന ഘട്ടത്തിലാണ് അണ്ണാമലൈയെ പാർട്ടി അനുനയിപ്പിച്ചത്. മാത്രമല്ല, ടിവികെ തരംഗവും ബാധിച്ചു.

## തെരുവുനായ്ക്കളുടെ ആക്രമണത്തിൽ ഒമ്പത് വയസുകാരി മരിച്ചു

ജയ്പൂർ: രാജസ്ഥാനിലെ ബൂന്ദിയിൽ തെരുവുനായ്ക്കളുടെ ആക്രമണത്തിൽ ഒമ്പത് വയസുകാരി മരിച്ചു. മൂന്നാം ക്ലാസ് വിദ്യാർഥിനി റിങ്കു ഭീലാണ് മരിച്ചത്. വീടിന് സമീപമുള്ള വയലിൽ നിൽക്കുമ്പോഴായിരുന്നു ഒരു കൂട്ടം തെരുവുനായ്ക്കൾ ചേർന്ന് റിങ്കുവിനെ ആക്രമിച്ചത്.

ശരീരത്തിൻറെ പല ഭാഗങ്ങളിലും നായ്ക്കൾ കടിച്ചുകീറി. റിങ്കുവിൻറെ നിലവിളി കേട്ട് ഓടിയെത്തിയ വീട്ടുകാർ ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

വിവരമറിഞ്ഞ് ലോക്സഭാ സ്പീക്കർ ഓം ബിർള പെൺകുട്ടിയുടെ കുടുംബത്തെ സന്ദർശിച്ചിക്കുകയും ഒരു ലക്ഷം രൂപ കൈമാറുകയും ചെയ്തു. പോസ്റ്റ് മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. സംഭവത്തിൽ പോലീസ് മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

# അണികളിൽ ആവേശമായി വി.ഡി., ചർച്ചകൾക്കിടെ വീണ്ടും ഫ്ളക്സ്

കൊച്ചി: നിയമസഭാ തെരഞ്ഞെടുപ്പിൽ ഗംഭീര വിജയം സ്വന്തമാക്കിയതിന് പിന്നാലെ വി.ഡി. സതീശനെ അനുകൂലിച്ച് മൂവാറ്റുപുഴയിൽ വീണ്ടും ഫ്ളക്സ്. 'വനവാസമല്ല, പട്ടാഭിഷേകം, കേരളം ജയിച്ചു വി.ഡി. നയിക്കും' എന്ന വാചകങ്ങളോടെയാണ് പുതിയ ഫ്ളക്സ് ബോർഡ് എത്തിയിരിക്കുന്നത്. മൂവാറ്റുപുഴ പിഒ ജംഗ്ഷനിലാണ് പുതിയ ഫ്ളക്സ് എത്തിയിരിക്കുന്നത്.

തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിന് മുമ്പും വി.ഡി. സതീശനെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി ഫ്ളക്സുകൾ വിവിധ ജില്ലകളിലായി എത്തിയിരുന്നു. 102 സീറ്റ് നേടി അധികാരം ഉറപ്പിച്ചതിന് പിന്നാലെ മുഖ്യമന്ത്രി ചർച്ചകൾക്ക് ഗൗരവമേറി. ഇതോടെയാണ് സതീശനെ അനുകൂലിച്ച് വീണ്ടും ഫ്ളക്സ് എത്തിയിരിക്കുന്നത്.

എംഎൽഎമാരുടെ മനസ് അറിയാൻ എഐസിസി നിരീക്ഷകർ എത്താനിരിക്കെ, പിന്തുണ സമാഹരിക്കലിനുള്ള ചരടുവലികളും സജീവമായി. വി.ഡി. സതീശൻ, രമേശ് ചെന്നിത്തല, കെ.സി. വേണുഗോപാൽ എന്നിവർക്കായി ഇവരുടെ ഗ്രൂപ്പുകളും അനുയായികളും പിന്തുണ ഉറപ്പിക്കാനുള്ള തിരക്കിലാണ്.

# മുഖ്യമന്ത്രി സ്ഥാനത്തിൽ ഒരു വിസ്മയം കൂടി കേരളത്തിൽ ഉണ്ടാകും: എൻ.കെ. പ്രേമചന്ദ്രൻ

കൊല്ലം: മുഖ്യമന്ത്രി സ്ഥാനത്തിൽ ഒരു വിസ്മയം കൂടി കേരളത്തിൽ ഉണ്ടാകുമെന്ന് ആർഎസ്പി നേതാവ് എൻ.കെ. പ്രേമചന്ദ്രൻ. കോൺഗ്രസ്ഹൈക്കമാൻഡ് എടുക്കുന്ന തീരുമാനമായിരിക്കും അതെന്നും പ്രേമചന്ദ്രൻ പറഞ്ഞു.

'എല്ലാവർക്കും സ്വീകാര്യനായ ആൾ കേരളത്തിൻറെ മുഖ്യമന്ത്രിയാകും. കേരളത്തിൻറെ പൊതുവായ വികാരം മാനിച്ചാകും തീരുമാനം.'–പ്രേമചന്ദ്രൻ വ്യക്തമാക്കി.

ആർഎസ്പി പഴയ പ്രതാപത്തിലേക്ക് തിരിച്ച് പോകുന്നുവെന്നും എൻ കെ പ്രേമചന്ദ്രൻ കൂട്ടിച്ചേർത്തു. നിയമസഭാ പ്രാതിനിധ്യം ഇല്ലാത്തതിന്റെ പേരിൽ ആർഎസ്പി നിരന്തരം അവഗണന നേരിട്ടു. എൽഡിഎഫ് വിട്ട് യുഡിഎഫിൽ ചേക്കേറിയ ശേഷം പരാജയത്തിന്റെ മാത്രം കൈപ്പുനീർ കുടിച്ചു.

ഒരു എംപി സ്ഥാനത്തിന് വേണ്ടി ആർഎസ്പിയുടെ അസ്ഥിത്വം തകർത്തെന്ന് സിപിഎമ്മിൽ നിന്ന് ആക്രമണം നേരിട്ടു. വ്യക്തിഗതമായ സ്വാർഥ താൽപര്യത്തിന് വേണ്ടി പാർട്ടിയെ ബലി കൊടുത്തു എന്ന വിമർശനം ഞാൻ കേട്ടു. അതിനെല്ലാമുള്ള മറുപടിയാണ് ഈ നിയമസഭാ തെരഞ്ഞെടുപ്പ് ഫലമെന്നും എൻ.കെ. പ്രേമചന്ദ്രൻ കൂട്ടിച്ചേർത്തു.

# പശ്ചിമ ബംഗാളിൽ സുവേന്ദു അധികാരി മുഖ്യമന്ത്രിയായേക്കും, സത്യപ്രതിജ്ഞ ശനിയാഴ്ച

കോൽക്കത്ത: പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായി സുവേന്ദു അധികാരി സ്ഥാനമേറ്റേക്കും. സത്യപ്രതിജ്ഞ കോൽക്കത്തയിലെ ബ്രിഗേഡ് ഗ്രൗണ്ടിൽ ശനിയാഴ്ച നടക്കും. ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ള പ്രമുഖർ പങ്കെടുക്കും. സുവേന്ദു അധികാരി ഉടൻ ഡൽഹിയിലെത്തുമെന്നും ഔദ്യോഗിക തീരുമാനത്തിനായി ഇന്ന് ബിജെപി യോഗം ചേരുമെന്നും വിവരമുണ്ട്.

അതേസമയം, ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസിനേറ്റ കനത്ത പരാജയത്തിൽ ആഹ്ലാദ പ്രകടനം നടത്തുന്ന സ്വന്തം പാർട്ടിയിലെയും മറ്റ് പ്രതിപക്ഷ പാർട്ടികളിലെയും നേതാക്കളെ രൂക്ഷമായി വിമർശിച്ച് രാഹുൽ ഗാന്ധി രംഗത്തെത്തി. മമത ബാനർജിയുടെ തോൽവിയിൽ സന്തോഷിക്കുന്നത് രാഷ്ട്രീയ പാപ്പരത്തമാണെന്നും ബിജെപിയുടെ വിജയം ഇന്ത്യൻ ജനാധിപത്യത്തെ തകർക്കാനുള്ള ശ്രമത്തിലെ വലിയ ചുവടുവെപ്പാണെന്നും അദ്ദേഹം പറഞ്ഞു.

# വഷളാകുന്നു! യുഎസ് കപ്പലുകളെ ആക്രമിച്ചാൽ ഇറാനെ തുടച്ചുനീക്കുമെന്ന് ട്രംപ്

ദുബായ്: ഹോർമുസ് കടലിടുക്ക് വിഷയത്തിൽ അമേരിക്കയും ഇറാനും തമ്മിലുള്ള പോരാട്ടം വീണ്ടും രൂക്ഷമാകുന്നു.

അമേരിക്കൻ കപ്പലുകളെ ലക്ഷ്യം വച്ചാൽ ഇറാനെ ഭൂമുഖത്തുനിന്നു തന്നെ തുടച്ചുനീക്കുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പു നൽകി. കഴിഞ്ഞ 24 മണിക്കൂറിനിടെ ഇരുരാജ്യങ്ങളും തമ്മിൽ നടന്ന വെടിവയ്പും ഡ്രോൺ ആക്രമണങ്ങളും മേഖലയെ വീണ്ടും യുദ്ധഭീതിയിലാഴ്ത്തി.

കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതം സുരക്ഷിതമാക്കാൻ പ്രോജക്ട് ഫ്രീഡം എന്ന പേരിൽ അമേരിക്കൻ നാവികസേന നേരിട്ട് സുരക്ഷാചുമതല ഏറ്റെടുക്കുമെന്നു കഴിഞ്ഞ ദിവസം ട്രംപ് പ്രഖ്യാപിച്ചിരുന്നു. ഇതിനെതിരേ ശക്തമായ താക്കീതുമായി ഇറാൻ രംഗത്തെത്തി. തങ്ങളുടെ അതിർത്തിക്കടുത്ത് എത്തുന്ന ഏതൊരു വിദേശ സൈനികനീക്കത്തെയും ആക്രമിക്കുമെന്നാണ് ഇറാൻറെ നിലപാട്. ഇതേത്തുടർന്ന് ഹോർമുസ് കടലിടുക്കിൽ യുഎസ് കപ്പലുകൾക്കുനേരെ ഇറാൻ മിസൈൽ–ഡ്രോൺ ആക്രമണം നടത്തിയതായും യുഎസ് തിരിച്ചടിച്ചതായും അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

യുഎഇയിലും ഇറാൻറെ ആക്രമണം ഉണ്ടായി. ഫുജൈറ ഓയിൽ ഇൻഡസ്ട്രി സോണിനു നേരെയുണ്ടായ ഡ്രോൺ ആക്രമണത്തിൽ മൂന്നു ഇന്ത്യക്കാർക്കു പരിക്കേറ്റു. അതേസമയം, 19 ഇറാൻ മിസൈലുകളെയും ഡ്രോണുകളെയും തകർത്തതായും യുഎഇ അറിയിച്ചു. എന്നാൽ, തങ്ങൾ ലക്ഷ്യമിട്ടത് യുഎഇയിലെ എണ്ണ പ്ലാൻറുകളെ അല്ലെന്ന് ഇറാൻ പിന്നീടു വിശദീകരിച്ചു.

സംഘർഷം കടുക്കുമ്പോഴും സമാധാനത്തിനുള്ള ശ്രമങ്ങളും മറുവശത്തു നടക്കുന്നുണ്ട്. പാകിസ്ഥാൻ വഴി ഇറാൻ പതിനാലിന സമാധാന നിർദേശങ്ങൾ അമേരിക്കയ്ക്കു മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. രണ്ട് മാസത്തെ വെടിനിർത്തൽ അമേരിക്ക നിർദേശിക്കുമ്പോൾ മുപ്പതു ദിവസത്തിനുള്ളിൽ പൂർണമായ പ്രശ്നപരിഹാരം വേണമെന്നാണ് ഇറാൻറെ ആവശ്യം.

## സീരി എ ലീഗ്: എഎസ് റോമയ്ക്ക് ഗംഭീര ജയം

മിലാൻ: ഇറ്റാലിയൻ സീരി എ ലീഗ് ഫുട്ബോളിൽ എ.എസ്. റോമയ്ക്ക് ഗംഭീര ജയം. തിങ്കളാഴ്ച നടന്ന മത്സരത്തിൽ ഫിയോറെൻറീനയെ എതിരില്ലാത്ത നാല് ഗോളുകൾക്ക് തകർത്തു.

ജിയാൻലൂക മാൻസീനിയും വെസ്ലി ഫ്രാൻകയും മരിയോ ഹെർമോസോയും നിക്കോളോ പിസിലിയും ആണ് റോമയ്ക്ക് വേണ്ടി ഗോളുകൾ നേടിയത്. മാൻസീനി 13–ാം മിനിറ്റിലും ഫ്രാൻക 17–ാം മിനിറ്റിലും ഹെർമോസോ 34–ാം പിസിലി 58–ാം മിനിറ്റിലുമാണ് ഗോൾ നേടിയത്.

വിജയത്തോടെ റോമയ്ക്ക് 64 പോയിൻറായി. ലീഗ് ടേബിളിൽ അഞ്ചാം സ്ഥാനത്താണ് റോമ.

## ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ വീണ്ടും ആനയിടഞ്ഞു

തൃശൂർ: ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ ഉത്സവത്തിന് എത്തിച്ച ആന ഇടഞ്ഞു. ഇന്ന് പുലർച്ചയാണ് സംഭവം.

മച്ചാട് ഗോപാലൻ എന്ന ആനയാണ് ഇടഞ്ഞത്. വിളക്ക് എഴുന്നള്ളിപ്പിന് ശേഷം ദേവസ്വത്തിൻറെ തന്നെ സ്ഥലമായ മഹാത്മ ലൈബ്രറിയ്ക്ക് സമീപമുള്ള പറമ്പിൽ തളച്ചിരുന്ന ആനയാണ് ഇടഞ്ഞത്.

പറമ്പിലെ തെങ്ങിൽ തളച്ചിരുന്ന ആന തെങ്ങ് മറിച്ചിട്ടു. എലഫൻറ് സ്ക്വാഡ് അംഗങ്ങളും പാപ്പാൻമാരും ചേർന്നാണ് ആനയെ തളച്ചത്.

# അലംഭാവവും അമിത ആത്മവിശ്വാസവും തിരിച്ചടിയായി; എൽഡിഎഫിനേറ്റ പരാജയം അംഗീകരിക്കുന്നു

ആലപ്പുഴ: എൽഡിഎഫിനേറ്റ പരാജയം അംഗീകരിക്കുന്നുവെന്ന് സജി ചെറിയാൻ. പരാജയത്തെക്കുറിച്ച് ആഴത്തിൽ പരിശോധിക്കുമെന്നും തിരുത്തലിലൂടെ തിരിച്ചുവരുമെന്നും സജി ചെറിയാൻ പറഞ്ഞു.

'ഭരണവിരുദ്ധ വികാരമില്ലെന്നും അങ്ങനെയുണ്ടായിരുന്നെങ്കിൽ ഞാനും തോൽക്കുമായിരുന്നു. സർക്കാരിൻറെ വികസനം ജനങ്ങളിൽ എത്തിയില്ല. തെരഞ്ഞെടുപ്പിൽ യുഡിഎഫ് ബിജെപി ധാരണ ഉണ്ടായിട്ടുണ്ട്.'–സജി ചെറിയാൻ. അമ്പലപ്പുഴയും ചെങ്ങന്നൂരും ബിജെപിയുടെ വോട്ട് കുറഞ്ഞു. ബിജെപി ജയിച്ചിടത്ത് യുഡിഎഫിനും വോട്ടും കുറഞ്ഞു. എൽഡിഎഫ് ന്യൂനപക്ഷ വിരുദ്ധമാണെന്ന പ്രചാരണം ഫലം കണ്ടു. മൈൽക്കുറ്റിക്ക് പോലും പണം കൊടുത്തു എന്നതാണ് സാഹചര്യം എന്നും സജി ചെറിയാൻ പറഞ്ഞു. വോട്ട് ചെയ്ത ജനങ്ങൾ ആറു മാസത്തിനകം യുഡിഎഫിനെ തള്ളിപ്പറയും. ബിജെപി വിജയം ആശങ്കയുണ്ടാകുന്നു. വർഗീയ വിഭജനം ഉണ്ടാക്കാൻ ലീഗും ബിജെപിയും ശ്രമിക്കും. പ്രതിപക്ഷ നേതാവിനെ നാളെ തീരുമാനിക്കും. അമ്പലപ്പുഴ ഉൾപ്പെടെയുള്ള മണ്ഡലങ്ങളിലെ പരാജയം പരിശോധിക്കുമെന്നും സജി ചെറിയാൻ പറഞ്ഞു.

# ഗർഭാശയ ഗള കാൻസറിനെ ഉന്മൂലനം ചെയ്യാൻ തയാറെടുത്ത് ഓസ്ട്രേലിയ

സിഡ്നി: രോഗങ്ങളില്ലാത്ത ഒരു ലോകം സ്വപ്നം കാണുന്ന മനുഷ്യരാശിക്ക് വലിയൊരു പ്രതീക്ഷ നൽകുകയാണ് ഓസ്ട്രേലിയ. ഗർഭാശയ ഗള കാൻസറിനെ (സെർവിക്കൽ കാൻസർ) പൂർണമായും തുടച്ചുനീക്കുന്ന ലോകത്തിലെ ആദ്യത്തെ രാജ്യമാകാനുള്ള തയാറെടുപ്പിലാണ് ഈ രാജ്യം. കുട്ടികളിലെ വാക്സിനേഷൻ, കൃത്യമായ സ്ക്രീനിംഗ് എന്നീ പ്രധാന മാർഗങ്ങളിലൂടെയാണ് രാജ്യം ഈ ലക്ഷ്യം കൈവരിക്കാനൊരുങ്ങുന്നത്.

ഗർഭാശയ ഗള കാൻസറിൻറെ പ്രധാന കാരണമായ ഹ്യൂമൻ പാപ്പിലോമ വൈറസിനെ (എച്ച്പിവി) പ്രതിരോധിക്കാൻ 2006ൽ യൂണിവേഴ്സിറ്റി ഓഫ് ക്വീൻസ്‌ലാൻഡിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ച ഗാർഡാസിൽ എന്ന വാക്സിൻ ഇതിൽ നിർണായക പങ്ക് വഹിച്ചു. പ്രഫ. ഇയാൻ ഫ്രേസർ, ഡോ. ജിയാൻ ഷൗ എന്നിവർ ചേർന്നാണ് ഈ പ്രതിരോധമരുന്ന് വികസിപ്പിച്ചത്. ലോകമെമ്പാടുമുള്ള സ്ത്രീകളിൽ കാണപ്പെടുന്ന നാലാമത്തെ പ്രധാന കാൻസറായ ഗർഭാശയ ഗള കാൻസറിനെ തടയാൻ ഈ പ്രതിരോധമരുന്നിൻറെ വാക്സിനേഷനിലൂടെ സാധിക്കുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

2007ൽ ഓസ്ട്രേലിയ ഈ കുത്തിവയ്പ് പരിപാടി ദേശീയതലത്തിൽ നടപ്പിലാക്കുന്ന ആദ്യ രാജ്യമായി മാറി. 2013 മുതൽ ഈ പദ്ധതിയിൽ ആൺകുട്ടികളെയും ഉൾപ്പെടുത്തി വിപുലീകരിച്ചു. പിന്നാലെ രോഗത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തി. 2021ൽ 25 വയസിനു താഴെയുള്ള സ്ത്രീകളിൽ ആദ്യമായി ഒരു കേസും രേഖപ്പെടുത്തിയിട്ടില്ല.

പരിശോധനാരീതികളിൽ 2017ൽ വരുത്തിയ മാറ്റങ്ങൾ ഈ മുന്നേറ്റത്തിന് ആക്കം കൂട്ടി. സാധാരണ പാപ് സ്മിയർ പരിശോധനയ്ക്കു പകരം കൂടുതൽ കൃത്യതയുള്ള എച്ച്പിവി അടിസ്ഥാനമാക്കിയുള്ള സ്ക്രീനിംഗ് രീതിയാണ് ഇപ്പോൾ പിന്തുടരുന്നത്. സ്ത്രീകൾക്ക് സ്വയം സാമ്പിൾ ശേഖരിക്കാനുള്ള സൗകര്യം ഒരുക്കിയത് ആരോഗ്യരംഗത്തെ വലിയൊരു വിപ്ലവമായാണു സർക്കാർ വിശേഷിപ്പിക്കുന്നത്.

ശാസ്ത്രീയമായി ഒരു കാൻസറിനെ തുടച്ചുനീക്കുക എന്നതുകൊണ്ട് അർഥമാക്കുന്നത് ഒരു ലക്ഷം പേരിൽ നാലിൽ താഴെ കേസുകൾ മാത്രം റിപ്പോർട്ട് ചെയ്യുക എന്നതാണ്. നിലവിൽ ഓസ്ട്രേലിയയിൽ ഒരു ലക്ഷം പേരിൽ 6.3 കേസുകൾ മാത്രമാണുള്ളത്. 2035ഓടെ ലക്ഷ്യം കൈവരിക്കാമെന്നാണ് കണക്കാക്കുന്നതെങ്കിലും അതിനു മുന്പേതന്നെ ഈ നേട്ടം സ്വന്തമാക്കാൻ രാജ്യത്തിനു കഴിഞ്ഞേക്കുമെന്നാണ് സർക്കാർ വിശ്വസിക്കുന്നത്.

നേട്ടങ്ങൾക്കിടയിലും ചില വെല്ലുവിളികൾ ഓസ്ട്രേലിയ നേരിടുന്നുണ്ട്. തദ്ദേശീയരായ ആദിവാസി വിഭാഗങ്ങൾക്കിടയിലെ മരണനിരക്ക് മറ്റുള്ളവരെ അപേക്ഷിച്ച് മൂന്നു മടങ്ങ് കൂടുതലാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ഇവർക്കിടയിൽ രോഗനിർണയം വൈകുന്നതാണ് പ്രധാന പ്രശ്നം. ഈ വിഭാഗത്തിൽ രോഗം തുടച്ചുനീക്കാൻ 2035ന് ശേഷം 12 വർഷം കൂടി എടുത്തേക്കുമെന്നാണ് ഗവേഷകർ അഭിപ്രായപ്പെടുന്നത്.

ആഗോളതലത്തിൽ സ്വീഡൻ, റുവാണ്ട (2027), യുകെ (2040) എന്നീ രാജ്യങ്ങളും ഗർഭാശയ ഗള കാൻസർ മുക്തമാകുകയെന്ന ലക്ഷ്യത്തിനായി മത്സരിക്കുന്നുണ്ട്. എന്നാൽ വികസ്വര രാജ്യങ്ങളിലെ സഹായങ്ങൾ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് നിർത്തലാക്കിയത് ആഗോള പോരാട്ടത്തിന് തിരിച്ചടിയായേക്കാം.

തങ്ങളുടെ ലക്ഷ്യം പൂർത്തീകരണഘട്ടത്തിലെത്തിയതോടെ തൊട്ടടുത്തുകിടക്കുന്ന വാനുവാട്ടു, പാപ്പുവ ന്യൂഗിനിയ എന്നീ പസഫിക് രാജ്യങ്ങളിൽ ഗർഭാശയ ഗള കാൻസർ പ്രതിരോധപരിപാടികൾ ശക്തമാക്കാൻ ഇപ്പോൾ ഓസ്ട്രേലിയ സഹായിക്കുന്നുണ്ട്.

# ബൈക്ക് ഓടിക്കുന്നതിനിടെ പിന്നിലിരുന്ന അമ്മായിയമ്മയെ ഹെൽമറ്റിന് അടിച്ച് കൊന്ന യുവാവ് പിടിയിൽ

ഹൈദരാബാദ്: ബൈക്ക് ഓടിക്കുന്നതിനിടെ പിന്നിലിരുന്ന അമ്മായിയമ്മയെ ഹെൽമറ്റിന് അടിച്ച് കൊന്ന യുവാവ് പിടിയിൽ. സ്നേഹിത് (28) എന്ന യുവാവാണ് അമ്മയിയമ്മ കെ. അരുണയെ കൊലപ്പെടുത്തിയത്.

അരുണയുമായി ബൈക്കിൽ പോകുന്നതിനിടെ അപസ്മാരം ഇളകി വീണെന്ന് വിശദമാക്കിയാണ് സ്നേഹിത് ആശുപത്രിയിലെത്തിച്ചത്. എന്നാൽ പിന്നീട് നടത്തിയ അന്വേഷണത്തിൽ അരുണയെ സ്നേഹിത് ആക്രമിച്ചെന്ന് കണ്ടെത്തുകയായിരുന്നു.

ഒരു വർഷം മുന്പായിരുന്നു സ്നേഹിതും അരുണയുടെ മകൾ കാവ്യയും വിവാഹിതരായത്. വിവാഹശേഷം ഇരുവരും തമ്മിൽ തർക്കങ്ങൾ പതിവായിരുന്നു. കാവ്യയുടെ പെരുമാറ്റത്തെക്കുറിച്ച് സ്നേഹിത് അരുണയോട് പരാതി പറഞ്ഞിരുന്നു.

ഏപ്രിൽ 29 ന് അരുണയുടെ വീട്ടിൽ എത്തിയ സ്നേഹിത്, ഹോട്ടലിൽ നിന്ന് ഭക്ഷണം വാങ്ങി തരാമെന്ന് പറഞ്ഞ് നിർബന്ധിച്ച് ബൈക്കിന് പിന്നിലിരുത്തി കൊണ്ടുപോയി. യാത്രക്കിടയിൽ ഇരുവരും തമ്മിൽ തർക്കമുണ്ടാവുകയും പെട്രോൾ ടാങ്കിന് മുകളിൽ വച്ചിരുന്ന ഹെൽമെറ്റ് എടുത്ത് അരുണയെ ബൈക്കിലിരുന്ന് തന്നെ ആക്രമിക്കുകയുമായിരുന്നു. അടിയേറ്റ് നിലത്ത് വീണ അരുണയെ അപസ്മാര ബാധിതയായി വീണതെന്ന പേരിൽ സ്നേഹിത് ആശുപത്രിയിലെത്തിച്ചുവെങ്കിലും ചികിത്സക്കിടെ മരണത്തിന് കീഴടങ്ങുകയായിരുന്നു.

എന്നാൽ സ്നേഹിതിൻറെ വാക്കുകളിൽ സംശയം തോന്നിയ കാവ്യ സമീപത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചു. സ്നേഹിത് അരുണയെ അടിക്കുന്നതും ബൈക്കിൽ നിന്ന് വീഴുന്നതും ദൃശ്യങ്ങളിൽ പതിഞ്ഞിട്ടുണ്ട്.

ഇതേ തുടർന്ന് കാവ്യ പോലീസിൽ പരാതി നൽകി. സംഭവത്തിൽ കേസെടുത്ത പോലീസ് ഇയാളെ അറസ്റ്റ് ചെയ്തു.

## ഭീകരർ പള്ളി തീയിട്ടു നശിപ്പിച്ചു

മാപ്പുതോ: ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിൽ ഭീകരർ പള്ളിയിട്ടു നശിപ്പിക്കുകയും വൈദിക മന്ദിരവും കിൻറർഗാർട്ടനും ആക്രമിക്കുകയും ചെയ്തു.

വടക്കൻ കാബോ ദെൽ ഗാദോ പ്രവിശ്യയിലെ ആൻകുബെ ജില്ലയിൽപ്പെട്ട മെസാ ഗ്രാമത്തിൽ കഴിഞ്ഞ വ്യാഴാഴ്ചയായിരുന്നു സംഭവം. ഭീകരസംഘടനയായ ഐഎസുമായി ബന്ധമുള്ള പ്രാദേശിക ജിഹാദി ഗ്രൂപ്പായ അഹ്‌ലു എൽ സുന്ന വാഅൽ ജമായാണ് ആക്രമണത്തിനു പിന്നിൽ.

മേഖലയിലെ കത്തോലിക്കാസാന്നിധ്യത്തിൻറെ പ്രതീകമായി നിലകൊള്ളുന്ന 1946ൽ നിർമിച്ച സെൻറ് ലൂയിസ് ദെ മോണ്ട്ഫോർട്ട് പള്ളിയാണു ഭീകരർ തീയിട്ടു നശിപ്പിച്ചത്. ഗ്രാമത്തിൽ അഴിഞ്ഞാടിയ ഭീകരർ നിരവധി വീടുകളും തീയിട്ടു നശിപ്പിച്ചു. എട്ടു വർഷമായി രാജ്യത്തു തുടരുന്ന ജിഹാദി ആക്രമണങ്ങളിൽ 6,200 ഓളം പേരാണു കൊല്ലപ്പെട്ടത്. 13 ലക്ഷം പേരോളം ഭവനരഹിതരുമായി.

# ജർമനിയിൽനിന്നു സൈനികരെ പിൻവലിക്കാനുള്ള തീരുമാനത്തെ വിമർശിച്ച് റിപ്പബ്ലിക്കൻ സെനറ്റർമാർ

വാഷിംഗ്ടൺ ഡിസി: ജർമനിയിൽനിന്ന് 5,000 അമേരിക്കൻ സൈനികരെ പിൻവലിക്കാനുള്ള തീരുമാനത്തെ വിമർശിച്ച് മുതിർന്ന റിപ്പബ്ലിക്കൻ സെനറ്റർമാർ. ഇത് പ്രതിരോധത്തെ ദുർബലപ്പെടുത്തുമെന്നും റഷ്യക്കു തെറ്റായ സന്ദേശം നൽകുമെന്നും സെനറ്റർമാരായ റോജർ വിക്കറും മൈക് റോജേഴ്സും പറഞ്ഞു.

യൂറോപ്യൻ സഖ്യകക്ഷികൾ പ്രതിരോധത്തിനായി കൂടുതൽ തുക ചെലവഴിക്കാൻ തയാറെടുക്കുമ്പോൾ യുഎസ് സൈനികരെ പിൻവലിക്കാനുള്ള തീരുമാനത്തിൽ ആശങ്കയുണ്ടെന്ന് വിക്കറും റോജേഴ്സും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

യുഎസ് ദേശീയ സുരക്ഷാ നയത്തിൻറെയോ വിശകലനത്തിൻറെയോ അടിസ്ഥാനത്തിലല്ല, മറിച്ച് രാഷ്ട്രീയ പ്രതികാരം നടത്തുന്ന പ്രസിഡൻറിൻറെ വികാരങ്ങൾ വ്രണപ്പെട്ടതിൻറെ അടിസ്ഥാനത്തിലാണിതെന്ന് ഹൗസ് ആംഡ് സർവീസസ് കമ്മിറ്റിയിലെ മുതിർന്ന ഡെമോക്രാറ്റായ ആഡം സ്മിത്ത് പറഞ്ഞു.

നിലവിലെ സാഹചര്യം സമഗ്രമായി പരിശോധിച്ചതിനു ശേഷമാണ് സൈനികരെ പിൻവലിച്ചതെന്ന് പെൻറഗൺ വക്താവ് ഷോൺ പാർനെൽ പറഞ്ഞു. കൂടുതൽ സൈനികരെ പിൻവലിക്കുമെന്ന് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ശനിയാഴ്ച പറഞ്ഞിരുന്നു. എന്നാൽ, അതിൻറെ വിശദാംശങ്ങൾ അദ്ദേഹം നൽകിയിരുന്നില്ല. ജർമനിയിൽ നിലവിൽ 36,000ലധികം സജീവ അമേരിക്കൻ സൈനികരുണ്ടെന്നാണുകണക്ക്.

അമേരിക്കൻ തീരുമാനം പ്രതീക്ഷിച്ചിരുന്നതാണെന്ന് ജർമൻ പ്രതിരോധമന്ത്രി ബോറിസ് പിസ്റ്റോറിയസ് പറഞ്ഞു. യൂറോപ്പിൽ, പ്രത്യേകിച്ച് ജർമനിയിൽ അമേരിക്കൻ സൈനികരുടെ സാന്നിധ്യം തങ്ങളുടെയും യുഎസിൻറെയും താൽപര്യങ്ങൾക്കനുസൃതമാണ് അദ്ദേഹം കൂട്ടിച്ചേർത്തു. സംഭവത്തിൽ അമേരിക്കയിൽനിന്നു വിശദീകരണം തേടിയതായി നാറ്റോ വക്താവും അറിയിച്ചു.

## അഭയാർഥി ബോട്ട് അപകടത്തിൽപ്പെട്ട് രണ്ടു യുവതികൾ മരിച്ചു

പാരീസ്: ഇംഗ്ലീഷ് ചാനൽ കടക്കാൻ ശ്രമിക്കുകയായിരുന്ന അഭയാർഥികളുമായി പോയ ബോട്ട് വടക്കൻ ഫ്രാൻസിലെ ബീച്ചിൽ ഇടിച്ചുകയറി രണ്ട് യുവതികൾ മരിച്ചു. 16 പേർക്ക് പരിക്കേറ്റു. ഇതിൽ മൂന്നു പേർക്ക് ഗുരുതരമായി പൊള്ളലേറ്റു.

ബോട്ടിൽ 82 പേരാണുണ്ടായിരുന്നത്. ബൊലോൺ-സർ-മെർ തുറമുഖത്തിന് ഏതാനും കിലോമീറ്റർ തെക്ക് ഹാർഡെലോട്ട് ബീച്ചിൽനിന്നാണ് ബോട്ട് പുറപ്പെട്ടത്.

എൻജിൻ തകരാറിലായതിനെത്തുടർന്ന് ബോട്ട് നിയന്ത്രണംവിട്ട് ഒഴുകിപ്പോകുകയായിരുന്നു. ഫ്രഞ്ച് തീരസംരക്ഷണ സേന ബോട്ടിലെ 17 പേരെ രക്ഷപ്പെടുത്തി കരയിലെത്തിച്ചു.

ബാക്കിയുണ്ടായ 65 പേരുമായി ബോട്ട് കരയിലേക്ക് ഇടിച്ചുകയറി. ചെറുബോട്ടിൽ ശ്വാസംമുട്ടിയാണു യുവതികൾ മരിച്ചത്. ഇവർ സുഡാനിൽനിന്നുള്ളവരാണ്. ഫ്രാൻസിൽനിന്നു യുകെയിലേക്ക് അനധികൃതമായി കുടിയേറാൻ ശ്രമിക്കുമ്പോഴായിരുന്നു അപകടം. ഒരു മാസത്തിനിടെ ഇത് മൂന്നാമത്തെ സംഭവമാണ്.

# ജറൂസലെമിൽ കന്യാസ്ത്രീയെ ആക്രമിച്ചയാൾ അറസ്റ്റിൽ

ജറൂസലെം: കിഴക്കൻ ജറൂസലെമിൽ കന്യാസ്ത്രീയെ ആക്രമിച്ചയാളെ പോലീസ് അറസ്റ്റ് ചെയ്തു. സിസിടിവി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് വിവിധ സംഘങ്ങളായി തിരിഞ്ഞു നടത്തിയ അന്വേഷണത്തിലാണു 36കാരനായ പ്രതി അറസ്റ്റിലായതെന്ന് അധികൃതർ അറിയിച്ചു.

പ്രതിയുടെ പേരുവിവരം വെളിപ്പെടുത്തിയിട്ടില്ല. ആരാധനാസ്വാതന്ത്ര്യവും എല്ലാ സമുദായങ്ങളിലെയും മതനേതാക്കളുടെ അന്തസും സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും കുറ്റം ചെയ്തവർ ആരായാലും ശിക്ഷപ്പെടാതെ പോകില്ലെന്നും പോലീസ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

## രൂപതയ്ക്കായി പൗരോഹിത്യം സ്വീകരിച്ച് ഫാ. മൈക്കിൾ കോച്ചേരി

ലണ്ടൻ: ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപത രൂപീകൃതമായി പത്തുവർഷം പൂർത്തിയാകുമ്പോൾ രൂപതയ്ക്കായി പഠിച്ചു ആദ്യ വൈദികനായി ഫാ. മൈക്കിൾ കോച്ചേരി അഭിഷിക്തനായി.

ലണ്ടനടുത്തുള്ള ടോൾവർത്തിലെ ഔർ ലേഡി ഓഫ് ഇമാക്കുലേറ്റ് പള്ളിയിൽ നടന്ന തിരുക്കർമ്മങ്ങളിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ മുഖ്യ കാർമികത്വം വഹിച്ചു. ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, കർദിനാൾ അരിഗോ മിലീഗോ, ബിഷപ് വിൻസെൻസോ വിവാ, ഫാ. ഡോം കത്ബർട്ട് ബ്രൊഗാൻ, രൂപതയ്ക്കകത്തും പുറത്തും നിന്നുമുള്ള നിരവധി വൈദികർ, സന്യസ്തർ എന്നിവർ പങ്കെടുത്തു .

ഗ്രേറ്റ് ബ്രിട്ടൻ രൂപതയിലെ പ്രഥമ വൈദികവിദ്യാർഥിയായ ഫാ. മൈക്കിൾ ചങ്ങനാശേരി കൂത്രപ്പള്ളി സെൻറ് മേരീസ് ഇടവകയിലെ കോച്ചേരിൽ സൈമണിൻറെയും റോസമ്മയുടെയും മകനാണ്. സൗദിയിലെ റിയാദിൽ ജനിച്ച ടോണി 12-ാം വയസിലാണ് കുടുംബത്തോടൊപ്പം ലണ്ടനിലേക്കു കുടിയേറിയത്.

ബർമിംഗാം യൂണിവേഴ്സിറ്റിയിൽനിന്നു മീഡിയ ആൻഡ് കമ്യൂണിക്കേഷനിൽ ബിരുദം നേടിയശേഷമാണ് ഗ്രേറ്റ് ബ്രിട്ടൻ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്നത്. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനവും തുടർന്ന് പൊന്തിഫിക്കൽ ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പൗരസ്ത്യ സഭാ നിയമത്തിൽ ലൈസൻഷ്യേറ്റും പൂർത്തിയാക്കി.

# ഇന്നും ഇടിയോടുകൂടി മഴയെത്തും; മൂന്നു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് മുതൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലാണ് മുന്നറിയിപ്പ്.

ബുധനാഴ്ച എറണാകുളം, തൃശൂർ ജില്ലകളിലും വ്യാഴാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും വെള്ളിയാഴ്ച ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലും ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരുംമണിക്കൂറിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# നൈജീരിയയിൽ ഫെർട്ടിലിറ്റി ഉത്സവത്തിനിടെ സ്ത്രീകൾക്ക് നേരെ ലൈംഗിക അതിക്രമങ്ങൾ

ഡെൽറ്റ സ്റ്റേറ്റ്: നൈജീരിയയിലെ ഡെൽറ്റ സ്റ്റേറ്റിൽ നടന്ന അലു-ഡോ ഫെർട്ടിലിറ്റി ഉത്സവത്തിനിടെ സ്ത്രീകൾക്ക് നേരെ ക്രൂരമായ ലൈംഗിക അതിക്രമങ്ങൾ നടന്നതായി റിപ്പോർട്ടുകൾ. ഓരാമുഡു കമ്യൂണിറ്റി ആഘോഷിക്കുന്ന ഈ ഉത്സവത്തിനിടെ സ്ത്രീകളെ തെരുവിലൂടെ ഓടിക്കുകയും ആൾക്കൂട്ടം ചേർന്ന് വസ്ത്രങ്ങൾ വലിച്ചുകീറി നഗ്നരാക്കി പീഡിപ്പിക്കുകയും ചെയ്തുവെന്നാണ് വിവരം.

പൊതുസ്ഥലത്ത് വച്ച് സ്ത്രീകളെ പുരുഷന്മാരും ആൺകുട്ടികളും അടങ്ങുന്ന സംഘം വേട്ടയാടുകയും വസ്ത്രങ്ങൾ ബലമായി നീക്കം ചെയ്ത് ലൈംഗികമായി ഉപദ്രവിക്കുകയും ചെയ്തു. മിക്ക ഇരകളും അടുത്തുള്ള സർവകലാശാലയിലെ വിദ്യാർഥിനികളാണെന്ന് കരുതപ്പെടുന്നു.

മോട്ടോർ സൈക്കിളിൽ എത്തിയ തന്നെ ആൾക്കൂട്ടം വളയുകയും വസ്ത്രങ്ങൾ പൂർണമായും വലിച്ചുകീറി അപമാനിക്കുകയും ചെയ്തുവെന്ന് ഒരു വിദ്യാർഥിനി വെളിപ്പെടുത്തി. തന്നെ മർദിക്കുകയും ശരീരത്തിൽ മോശമായി സ്പർശിക്കുകയും ചെയ്തതായും ഇവർ പറഞ്ഞു. ഒടുവിൽ ഒരു വഴിപോക്കനാണ് ഇവരെ രക്ഷപ്പെടുത്തിയത്.

ജനക്കൂട്ടം ഈ അക്രമങ്ങൾ നോക്കിനിൽക്കുകയും ചിലർ പ്രോത്സാഹിപ്പിക്കുകയും ചെയ്തു എന്നത് സംഭവത്തിൻറെ ഗൗരവം വർധിപ്പിക്കുന്നു. ഇത്തരം പ്രവർത്തികൾ സമൂഹത്തിൽ സാധാരണവൽക്കരിക്കപ്പെടുന്നത് ഭയാനകമാണെന്ന് ലിംഗാവകാശ പ്രവർത്തകർ ചൂണ്ടിക്കാട്ടുന്നു.

സംഭവവുമായി ബന്ധപ്പെട്ട് ഒരു പ്രാദേശിക കമ്യൂണിറ്റി നേതാവിനെയും നാല് യുവാക്കളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് സംസ്ഥാന ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെൻറിലേക്ക് മാറ്റിയതായും കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഡെൽറ്റ സ്റ്റേറ്റ് പോലീസ് കമ്മീഷണർ ഐന അഡെസോള അറിയിച്ചു.

## അമേരിക്കയിൽനിന്നു യുദ്ധവിമാനങ്ങൾ വാങ്ങാനുള്ള കരാറിന് അംഗീകാരം നൽകി ഇസ്രയേൽ

ടെൽഅവീവ്: അമേരിക്കയിൽ നിന്നും യുദ്ധവിമാനങ്ങൾ വാങ്ങാനുള്ള കോടികളുടെ പ്രതിരോധ കരാറിന് ഇസ്രയേൽ അംഗീകാരം നൽകി. ഇസ്രയേൽ പ്രതിരോധ മന്ത്രാലയമാണ് ഇക്കാര്യം ഔദ്യോഗികമായി അറിയിച്ചത്. ലോക്ഹീഡ് മാർട്ടിൻറെ എഫ്-35 സ്റ്റെൽത്ത് ഫൈറ്റർ വിമാനവും ബോയിംഗിൻറെ എഫ്-15 ഐഎ യുദ്ധവിമാനവുമാണ് ഇസ്രയേൽ പുതുതായി സ്വന്തമാക്കുന്നത്.

വരും വർഷങ്ങളിൽ ഇസ്രയേലിൻറെ വ്യോമാധിപത്യം ഉറപ്പാക്കുന്നതിനാണ് ഈ പദ്ധതിയെന്ന് പ്രതിരോധ മന്ത്രി ഇസ്രായേൽ കാറ്റ്സ് പ്രസ്താവനയിൽ പറഞ്ഞു. ഞങ്ങളുടെ പൈലറ്റുമാർക്ക് ഇറാൻറെ ആകാശത്ത് എവിടെയും എത്താൻ കഴിയും, ആവശ്യം വന്നാൽ അവരത് ചെയ്യുമെന്നാണ് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞത്. ഇസ്രയേൽ പ്രതിരോധ സേനയ്ക്ക് ഏത് സമയത്തും എവിടെയും പ്രവർത്തിക്കാനുള്ള കരുത്ത് നൽകുന്ന 'ഷീൽഡ് ഓഫ് ഇസ്രയേൽ' പദ്ധതിയുടെ ഭാഗമായാണ് ഈ വിമാനങ്ങൾ വാങ്ങുന്നത്. നിലവിൽ ഇസ്രയേലിൻറെ പക്കൽ നിരവധി എഫ്-35 വിമാനങ്ങൾ ഉണ്ടെങ്കിലും സേനയുടെ ശേഷി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ കരാർ.

# ഭാര്യയെ കൊല്ലാൻശ്രമം, മകനെ ക്രൂരമായി മർദിച്ചു: സർക്കാർ ഉദ്യോഗസ്ഥനെതിരെ കേസ്

മുംബൈ: മഹാരാഷ്ട്രയിൽ ഭാര്യയെ കൊലപ്പെടുത്താൻ ശ്രമിക്കുകയും പ്രായപൂർത്തിയാകാത്ത മകനെ ക്രൂരമായി മർദിക്കുകയും ചെയ്ത് സർക്കാർ ഉദ്യോഗസ്ഥൻ. പുനെയിലാണ് സംഭവം.

സംഭവത്തിൽ മഹാരാഷ്ട്ര മന്ത്രി അതുൽ സേവിൻറെ ഒഎസ്ഡി(ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി) ആയി ജോലി ചെയ്യുന്ന വിജയ് ദുൽചന്ദ് കരണ്ടെ എന്നയാൾക്കെതിരെ പോലീസ് കേസെടുത്തു.

ഇയാളുടെ 30കാരിയായ ഭാര്യയാണ് പരാതിക്കാരി. വിജയ്‌യുടെ മൊബൈൽ ഫോണിലെ ചാറ്റുകളുമായി ബന്ധപ്പെട്ടാണ് ഇരുവരും തമ്മിൽ വഴക്കുണ്ടായത്.

തർക്കം രൂക്ഷമായതിനെ തുടർന്ന് വിജയ്, ഭാര്യയെ ബാറ്റ് ഉപയോഗിച്ച് ആക്രമിക്കുകയും കഴുത്ത് ഞെരിച്ച് കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. തടയാൻ ശ്രമിച്ച പ്രായപൂർത്തിയാകാത്ത മകനെയും ഇയാൾ ആക്രമിച്ചു. കുട്ടിയുമായി വീട്ടിൽ നിന്ന് ഓടി രക്ഷപെട്ട ഇവർ പോലീസിനെ സമീപിക്കുകയായിരുന്നു. ഭാരതീയ ന്യായ സംഹിതയുടെ വിവിധ വകുപ്പുകൾ പ്രകാരമാണ് ഇയാൾക്കെതിരെ കേസെടുത്തിരിക്കുന്നത്.

പരാതിയിന്മേൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നും കൂടുതൽ അന്വേഷണം നടന്നുവരികയാണെന്നും ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ശിവങ്കർ സ്ഥിരീകരിച്ചു.

## വിജയിച്ചശേഷം പ്രാദേശിക സിപിഎം നേതാക്കൾ രഹസ്യമായി വിളിച്ച് അഭിനന്ദിച്ചു: വി. കുഞ്ഞികൃഷ്ണൻ

കണ്ണൂർ: സിപിഎം തിരുത്തലിന് തയാറായില്ലെങ്കിൽ കേരളം ബംഗാൾ ആകുമെന്ന് പയ്യന്നൂർ നിയുക്ത എംഎൽഎ വി.കുഞ്ഞികൃഷ്ണൻ. രക്തസാക്ഷി കുടുംബങ്ങൾ ഉൾപ്പെടെ തനിക്ക് വോട്ട് ചെയ്തെന്നും കുഞ്ഞികൃഷ്ണൻ പറഞ്ഞു.

വിജയിച്ചശേഷം പ്രാദേശിക സിപിഎം നേതാക്കൾ രഹസ്യമായി വിളിച്ച് അഭിനന്ദിച്ചു. അരലക്ഷം വോട്ടിൻറെ ഭൂരിപക്ഷം മറികടക്കുക അസാധ്യമായിരുന്നു. ഞാൻ ഉന്നയിച്ച വിഷയം ശരിയാണെന്ന് ബോധ്യമായിരുന്നു വോട്ടർമാർക്കെന്നും വി കുഞ്ഞികൃഷ്ണൻ പറഞ്ഞു.

അടിയൊഴുക്ക് ഇത്രത്തോളം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചില്ല. ഒന്നാം റൗണ്ട് എണ്ണിയപ്പോൾ തന്നെ സൂചന കിട്ടിയിരുന്നു. എല്ലാ പഞ്ചായത്തിലും പ്രതീക്ഷിച്ചതിലും വോട്ട് കിട്ടി. ധനരാജിൻറെ നാട്ടിൽ മൂവായിരത്തിലധികം വോട്ടിന് ലീഡ് കിട്ടിയെന്നും കുഞ്ഞികൃഷ്ണൻ പറഞ്ഞു.

## പോലീസ് മൃഗീയമായ ആക്രമണം നടത്തി; പാലക്കാട്ടെ ലാത്തിച്ചാർജിനെതിരേ എ.കെ.ബാലൻ

തിരുവനന്തപുരം: പാലക്കാട് ജില്ലാ കമ്മിറ്റി ഓഫീസിലെ ലാത്തിച്ചാർജിനെതിരേ രൂക്ഷവിമർശനവുമായി സിപിഎം കേന്ദ്ര കമ്മിറ്റി അംഗം എ.കെ.ബാലൻ. പോലീസും ഗുണ്ടകളും ചേർന്ന് പാർട്ടി ഓഫീസിൽ നടത്തിയത് മൃഗീയമായ ആക്രമണമെന്ന് ബാലൻ പ്രതികരിച്ചു.

സമാധാനം കാത്തുസൂക്ഷിക്കേണ്ട പോലീസ് തലങ്ങും വിലങ്ങും പ്രവർത്തകരെ തല്ലിയെന്നും ബാലൻ വിമർശിച്ചു. പാലക്കാട് യുഡിഎഫ് ആഹ്ലാദ പ്രകടനത്തിനിടെയുണ്ടായ സംഘർഷമാണ് ലാത്തിച്ചാർജിൽ കലാശിച്ചത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇത് അസ്തമയം അല്ല; പ്രഭാത സന്ധ്യയാണ്!

കോട്ടയം: മത്സരിച്ച 12 സീറ്റിലും പരാജയം ഏറ്റുവാങ്ങിയ കേരള കോൺഗ്രസ്-എമ്മിൻറെ രാഷ്ട്രീയ ഭാവി ഭീഷണിയിലാണെന്നും പിളരുമെന്നുമൊക്കെ പലരും അഭ്യൂഹങ്ങൾ പ്രചരിപ്പിക്കുമ്പോൾ ഇത് അസ്തമയം അല്ല. പ്രഭാത സന്ധ്യയാണെന്ന് മാണി ഗ്രൂപ്പിനെ ഉപദേശിച്ചുകൊണ്ട് പ്രമുഖ മാധ്യമപ്രവർത്തകൻ ടി. ദേവപ്രസാദ് എഴുതിയ കുറിപ്പ് വൈറലാകുന്നു. കുറിപ്പിൻറെ പ്രസക്തഭാഗങ്ങൾ ഇങ്ങനെ:

തെരഞ്ഞെടുപ്പ് വിജയം മാത്രമല്ല ജനപിന്തുണയാണ് ഒരു പാർട്ടിയുടെ ശക്തി എങ്കിൽ കേരള കോൺഗ്രസ് മാണിയും രണ്ടിലയും ജോസ് കെ. മാണിയും ഇന്നും കേരളത്തിലെ ശക്തമായ രാഷ്ട്രീയ പ്രസ്ഥാനമാണ്. കോൺഗ്രസ് സിപിഎം മുസ്‌ലിം ലീഗ് സിപിഐ പാർട്ടികൾ കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും വോട്ട് ലഭിച്ചത് അവർക്കാണ് 5.61,157 പേർ അവർക്ക് വോട്ട് ചെയ്തു. മൊത്തം വോട്ടിൻറെ 2.47 ശതമാനം.

ഇക്കുറി തെരഞ്ഞെടുപ്പിൽ ഏഴ് സീറ്റിൽ ജയിച്ച കേരള കോൺഗ്രസിനു ലഭിച്ചത് 471391 വോട്ട്. മൊത്തം വോട്ടിന്റെ 2.17 ശതമാനം വോട്ട്. അതുകൊണ്ട് യഥാർത്ഥ കേരള കോൺഗ്രസ് ഏതെന്ന കാര്യത്തിൽ ആർക്കും സംശയം ഒന്നും ഇല്ല. പിണറായി വിരുദ്ധ തരംഗം ആഞ്ഞടിച്ചപ്പോൾ ഉണ്ടായ ദുരന്തം. ഏത് ഏകാധിപതിക്കും ഉണ്ടാവേണ്ട ദുരന്തം.

2021 ൽ ഉണ്ടായ പിണറായി തരംഗത്തിൻറെ ഗുണം കിട്ടിയവർ ദുരന്തത്തിൻറെ ഫലം പങ്കു പറ്റണം.

പിണറായി വിരുദ്ധ വികാരം ഉണ്ടായിരുന്നു ഇന്ന് എല്ലാവരും സമ്മതിക്കുന്നു. അതായത് 2021 ൽ പിണറായി യെ പിന്താങ്ങിയവർക്കും പോക്ക് നല്ലതല്ല എന്നു തോന്നി. ഇനി അവർ മാറി ചിന്തിക്കില്ല എന്നു കരുതുന്നതാണ് മൗഢ്യം

കേരള കോൺഗ്രസ് മാണി ചരിത്രത്തിലെ ഏറ്റവും വലിയ തോൽവിയാണ് നേരിട്ടത്. അവർക്ക് നിയമ സഭയിലും ലോകസഭയിലും പ്രതി നിധി ഇല്ല. വളരെ ദയനീയമായ സ്ഥിതിയാണ്.

1991 ൽ ജോസഫ് ഗ്രൂപ്പ് നേരിട്ടത് പോലെ ഒരു തോൽവി. അന്ന് തൊടുപുഴ അടക്കം ജോസഫ് തോറ്റു. ആകെ ജയിച്ചത് കുട്ടനാട്ടിൽ കെ സി ജോസഫ്. ആ കെസി ഇന്ന് ജോസഫിന് ഒപ്പം ഇല്ല.

2010 ൽ ജോസഫ് തന്ത്രപൂർവം മാണിയിൽ ലയിച്ചു . ആ ശക്തികൊണ്ട് ജനാധിപത്യ മുന്നണിയിൽ കടന്നു.

1964 ൽ കോൺഗ്രസ് വിരുദ്ധ പാർട്ടിയായി രൂപം കൊണ്ട കേരള കോൺഗ്രസ് 1969ൽ ഭരണത്തിൽ ചേർന്നപ്പോൾ മുതൽ പാർട്ടിയുടെ പതനം ആരംഭിച്ചു. അധികാരം പിടിക്കുന്നതാണ് വലിയ കാര്യം എന്നു കരുതി. അതിനു വേണ്ടി ഗ്രൂപ്പ് ഉണ്ടാക്കി പിളർന്നു. ഇടത് മുന്നണിയിൽതന്നെ മാണി അടക്കം നാല് കേരള കോൺഗ്രസ് ഉണ്ടായിരുന്നു. നാലും ഒരുപോലായി. നിയമ സഭയിൽ പ്രാധിനിത്യം ഇല്ലാത്തവരായി. തെരഞ്ഞെടുപ്പ് കമ്മീഷൻറെ അംഗീകാരം ഉണ്ടായിരുന്ന മാണിക്ക് അതുപോലും നഷ്ടം ആകാം

വരുന്നതെല്ലാം സ്വീകരിച്ച് ഒന്നിച്ചു നിൽക്കാനാവുന്നവർ ധാരാളം ബാക്കി ഉണ്ടാവും. അവരെ തിരിച്ചറിയുക. കൂട്ടി നിർത്തുക. പിണങ്ങി പോകുന്നവറെയും പോയവറെയും തിരികെ കൊണ്ടുവരിക. മുഖസ്തുതി കാർ ഇപ്പോൾ സ്ഥലം വിടും. അതു നല്ലതാണ്.അവർ തിരിച്ചു വരും. എന്നാൽ, സങ്കടപ്പെട്ടും അവഗണിക്കപ്പെട്ടു എന്ന് തോന്നിയും വിട്ടുപോയവർ ഉണ്ട്. അവരുടെ പിണക്കം മാറ്റണം സംസാരിക്കണം. ഒരാൾ പോലും പാർട്ടി വിട്ടാൽ ചെയർമാന് വേദനിക്കണം. അവൻ പോട്ടെ എന്നു പറയുന്നവൻ അവൻ പോയാൽ എനിക്ക് പദവി കിട്ടും എന്ന് കരുതുന്നവനാണ് അത് മനസിലാക്കണം.

തോൽവിക്ക് കാരണക്കാർ എന്ന് ആരെയും ബ്രാൻഡ് ചെയ്തു ഓടിക്കരുത്. കൂടുതൽ സ്നേഹത്തോടെ ഒന്നിച്ചു നിൽക്കുക. ഇടതു ചേർന്നു നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട പലതും ഉണ്ട്. അത് സൂക്ഷിക്കാത്തത് ആപത്താകും. മുന്നണിയിലെ ഘടകകക്ഷി യാണ്. ദാസനല്ല.

പിണറായിയുടെ ഏകാധിപത്യത്തിനെതിരെ ആർജെഡി കാണിച്ച ധൈര്യം പോലും പലപ്പോഴും മണിക്കാർ കാണിച്ചില്ല.

ദാസൻമാരെ പോലെ നിന്നു. അതുകൊണ്ട് രാജ്യ സഭ സീറ്റ് ബുദ്ധിമുട്ടില്ലാതെ കിട്ടി. പക്ഷേ, ഏറെ ദോഷം ഉണ്ടായി. പിണറായിയുടെ മരുമകൻ വിജയരാഘവൻറെ ഭാര്യ എല്ലാം മന്ത്രിമാരായി. പാർട്ടി ചോദിച്ചില്ല. സഖാക്കൾക്കു പോലും പിടിച്ചില്ല. തൊഴിലാളി സംകടനകൾ നിർജീവമായി. സഖാക്കൾ അഴിഞ്ഞാടി. ജനസദാസിനുള്ള ബസിൽ ലിഫ്റ്റ് വച്ചു. എന്തെല്ലാമാണ് ജനം മൻസിൽ കുറിച്ചത്. പാർടിയും കടഖ കഷികളും മിണ്ടിയില്ല. ജനം മനസ്സിൽ കുറിച്ചു. കരിങ്കൊടി കാണിക്കുന്നവരെ ഹെൽമെറ്റ് കൊണ്ട് അടിക്കുന്നത് രക്ഷാപ്രവർത്തനം ആയി. തീക്കാറ്റ് വീശിയത്തിൽ എന്ത് അദ്‌ഭുതം

കാബിനറ്റിൽ വരുന്ന വിഷയങ്ങളിൽ പാർട്ടിയുടെ നിലപാട് അംഗീകരിപ്പിക്കാൻ കഴിഞ്ഞില്ല. വനം നിയമവും മറ്റും പ്രതിഷേധം ഉണ്ടാക്കി മാറ്റിക്കേണ്ടി വന്നത് അതുകൊണ്ടാണ്.

വേറെയും പലതും ഉണ്ട്. പഠിക്കണം സമൂല മാറ്റം വരുത്തണം. ഇതു ശക്തമാകാനുള്ള കാലമാണ്. പദവി കിട്ടാൻ ആരും വരില്ല. കിട്ടാത്തതു കൊണ്ട് ആരും പാർട്ടി വിടുകയും ഇല്ല.

ഇനിയും തെരഞ്ഞെടുപ്പ് വരും. സഹകരണ സംഘങ്ങൾ മുതൽ പലയിടത്തും. ജയിക്കാനാവും.

പുതിയ സാധ്യതകൾ വരാം. പൊളിറ്റിക്സ് ഇസ് ദ ആർട്ട് ഓഫ് ടിജി പോസിബിൾ. അതിന് തയാറാവുക. സാധ്യതകൾ അനുകൂലമാക്കുക വലിയ പദവികളും സാധ്യത കളും ഉയർന്നു വരും. വോട്ടർമാരിൽ ഉണ്ടാകുന്ന കാഴ്ച പ്പാടിലെ മാറ്റങ്ങൾ തിരിച്ചറിയുക. 1964 ൽ ഉണ്ടായ പാർട്ടിക്ക് ഒരു പുത്തൻ ദിശ ബോധവും കർമപരിപാടിയും ഉണ്ടാക്കുക. എന്താ നിങ്ങളുടെ പരിപാടി എന്ന് ചോദിക്കുന്നവർക്ക് കൃത്യം ഉത്തരം കൊടുക്കാനാവണം. ഇതു അസ്തമയമല്ല പ്രഭാത സന്ധ്യ ആണ് ഉണരുക..

## യുഡിഎഫ് കൊടുങ്കാറ്റിലും ഞങ്ങൾ പിടിച്ചു നിന്നു: സാബു ജേക്കബ്

കൊച്ചി: തോറ്റ പാർട്ടികൾ പിരിച്ചു വിടുകയാണെങ്കിൽ പണ്ടേ കോൺഗ്രസ് പിരിച്ചു വിടേണ്ടതായിരുന്നുവെന്ന് ട്വൻറി 20 അധ്യക്ഷൻ സാബു എം.ജേക്കബ്. കുന്നത്തുനാട്ടിലെ വിജയത്തിനു ശേഷം ട്വൻറി 20 പിരിച്ചുവിടണമെന്ന് വി.പി.സജീന്ദ്രൻ പറഞ്ഞിരുന്നു. ഇതിനു മറുപടിയായിട്ടാണ് സാബു എം. ജേക്കബ് രംഗത്തെത്തിയത്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വി.പി.സജീന്ദ്രൻ തോറ്റപ്പോൾ എന്തുകൊണ്ട് പാർട്ടി പിരിച്ചു വിട്ടില്ലെന്ന് സാബു ജേക്കബ് ചോദിച്ചു. തെരഞ്ഞെടുപ്പിൽ എത്രയോ മന്ത്രിമാർ തോറ്റിരിക്കുന്നു. ഇതിന് മുമ്പ് എത്രയോ കോൺഗ്രസുകാർ തോറ്റു. കഴിഞ്ഞ തവണ അവർക്ക് 40 സീറ്റ് അല്ലേ ഉണ്ടായിരുന്നുള്ളൂ. എന്തുകൊണ്ട് അന്ന് പാർട്ടി പിരിച്ചു വിട്ടില്ല.

ഏതെങ്കിലും പാർട്ടികൾ തെരഞ്ഞെടുപ്പിൽ മത്സരിച്ച് തോറ്റാൽ ആ പാർട്ടി പിരിച്ചു വിട്ടാൽ ഇവിടെ മത്സരിക്കാൻ രാഷ്ട്രീയ പാർട്ടികൾ ഉണ്ടാവില്ല. യുഡിഎഫ് തരംഗത്തിലും തങ്ങൾ പിടിച്ചു നിന്നു. തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കി. അതിൻറെ അന്തിമമായ കണക്കുകൾ കൂട്ടി വരുന്നതേയുള്ളു. ട്വൻറി 20 സ്വതന്ത്രമായി പ്രവർത്തിച്ചു കൊണ്ടിരുന്ന പാർട്ടിയാണ്.

അതിൽ നിന്നും വ്യത്യസ്തമായി ഒരു മുന്നണയുടെ ഭഗമായി വന്നപ്പോൾ അതിനെ പല രീതിയിലും എൽഡിഎഫും യുഡിഎഫും ചിത്രീകരിച്ചു. ഒരു വർഗയ പാർട്ടിക്കൊപ്പം കൂടിയെന്ന് പറഞ്ഞ് ചിത്രീകരിച്ചു. സംഘികളാക്കി മാറ്റി. പ്രത്യേകിച്ച് കുന്നത്തുനാട് പോലുള്ള ക്രിസ്ത്യൻ മേഖലകളിൽ ആശയക്കുഴപ്പം ഉണ്ടാക്കി. ആ ആശയക്കുഴപ്പം മാറ്റി എടുക്കാനുള്ള സമയം ഈ തെരഞ്ഞെടുപ്പിൽ ഉണ്ടായില്ല.

സഖ്യം ഉണ്ടായി ഏതാനും ആഴ്ചകൾക്കുള്ളിൽ തന്നെ മത്സര രംഗത്തേക്ക് പോയി. കോൺഗ്രസും എൽഡിഎഫും നല്ല രീതിയിൽ അത് ഉപയോഗിച്ചു. അതിൻറെ നഷ്ടം തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ഉണ്ടായിട്ടുണ്ടെന്നുംസാബു ജേക്കബ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## സർക്കാർ രൂപീകരണം; അമിത് ഷാ ബംഗാളിലേക്ക്, നദ്ദ ആസാമിലേക്ക്

ന്യൂഡൽഹി: പശ്ചിമ ബംഗാളിലും ആസാമിലും സർക്കാർ രൂപീകരിക്കാനുള്ള നീക്കങ്ങളാരംഭിച്ച് ബിജെപി. ബംഗാളിലേക്ക് കേന്ദ്രമന്ത്രി അമിത് ഷായെയും ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജിയെയും ആസാമിലേക്ക് കേന്ദ്രമന്ത്രി ജെ.പി.നദ്ദയെയും ഹരിയാന മുഖ്യമന്ത്രി നായബ് സിംഗ് സൈനിയെയും നിരീക്ഷകരായി നിയമിച്ചു.

ഭവാനിപുരിൽ മമതാ ബാനർജിയെ പരാജയപ്പെടുത്തിയ സുവേന്ദു അധികാരി മുഖ്യമന്ത്രിയാകുമെന്നാണ് റിപ്പോർട്ട്. മുതിർന്ന നേതാക്കളായ ദിലീപ് ഘോഷ്, സമിക് ഭട്ടാചാര്യ, രൂപ ഗാംഗുലി, അഗ്നിമിത്ര പോൾ, സ്വപൻ ദാസ്ഗുപ്ത എന്നിവരുടെ പേരും പാർട്ടിയുടെ പരിഗണനയിലുണ്ട്.

ബംഗാളിൽ ഒന്നരപ്പതിറ്റാണ്ട് നീണ്ട മമത ബാനർജിയുടെ ഭരണത്തിന് അന്ത്യം കുറിച്ചാണ് ബിജെപി 206 സീറ്റുകൾ നേടി അധികാരത്തിലെത്തിയത്. ആസാമിൽ ബിജെപി സഖ്യം 102 സീറ്റുകൾ പിടിച്ചാണ് ഹാട്രിക് വിജയം നേടിയത്. മത്സരിച്ച 90 സീറ്റുകളിൽ 82 ഇടത്തും ബിജെപിക്ക് വിജയിക്കാനായി.

സഖ്യകക്ഷികളായ ബോഡോ ലാൻഡ് പീപ്പിൾസ് ഫ്രണ്ടും ആസാം ഗണ പരീഷത്തും 10 വീതം സീറ്റുകൾ പിടിച്ചു.

## അന്ന് സെക്യൂരിറ്റി ജീവനക്കാരൻ, ഇനി നിയമസഭയിലേക്ക്; തകർപ്പൻ വിജയവുമായി മനോജ് മൂത്തേടം

കൊച്ചി: സെക്യൂരിറ്റി ജീവനക്കാരനിൽ നിന്ന് നിയമസഭയിലേക്ക് എത്തുകയാണ് പെരുമ്പാവൂരിൽ നിന്ന് വിജയിച്ച മനോജ് മൂത്തേടം. ശക്തമായ ത്രികോണ മത്സരത്തിൽ ഇടതുമുന്നണിയുടെ ബേസിൽ പോളിനെ 28,434 വോട്ടിന് പിന്തള്ളിയാണ് മനോജ് മൂത്തേടം വിജയക്കൊടി പാറിച്ചത്.

താഴേക്കിടയിൽ നിന്നും ഉയർന്നു വന്ന് വലിയ നേട്ടം കൊയ്ത കോൺഗ്രസ് പ്രവർത്തകരിൽ ഒരാളാണ് മനോജും. രാഷ്ട്രീയത്തിൽ മാത്രമല്ല ജീവിതത്തിലും ഒരുപാട് കനൽ വഴികൾ മനോജിന് താണ്ടേണ്ടി വന്നിട്ടുണ്ട്. സെക്യൂരിറ്റി ജീവനക്കാരനായും ബേക്കറി തൊഴിലാളിയായും റിസപ്ഷനിസ്റ്റ് ജോലി ചെയ്താണ് മനോജ് പഠനം പൂർത്തിയാക്കിയത്.

കാലടി സർവകലാശാലയിൽ വിദ്യാർഥിയായിരിക്കെയാണ് മനോജ് ബേക്കറിയിലും ലോഡ്ജിലും പാർട്ട് ടൈം ജോലി ചെയ്തത്. പഠനത്തിനൊപ്പം എൽഐസി ഏജൻറായും വർക്ക് ചെയ്തിരുന്നു. പഠനകാലത്ത് വിദ്യാർഥി രാഷ്ട്രീയത്തിൽ മനോജ് സജീവമായി. കെഎസ്‌യു യൂണിറ്റ് പ്രസിഡൻറായിട്ടാണ് തുടക്കം.

പിന്നീട് യൂത്ത് കോൺഗ്രസിൻറെയും കോൺഗ്രസിൻറെയും ബ്ലോക്ക്, ജില്ല, സംസ്ഥാന നേതൃപദവികളിലും എത്തി. പഠനത്തിന് ശേഷം കൂവപ്പടി സഹകരണ ബാങ്കിൽ സെക്യൂരിറ്റി ജോലിക്കാരനായി. പിന്നീട് ഈ ബാങ്കിൻറ് പ്രസിഡൻറായും കൂവപ്പടി ബ്ലോക് പഞ്ചായത്ത് വൈസ് പ്രസിഡൻറായും ജില്ലാപഞ്ചായത്ത് പ്രസിഡൻറായും തിളങ്ങി.

തുടർന്ന് നിയമസഭയിലേക്ക് പാർട്ടി ടിക്കറ്റ് നൽകി. 2021ലെ തെരഞ്ഞെടുപ്പിൽ എൽദോസ് കുന്നപ്പിള്ളിക്ക് ലഭിച്ച ഭൂരിപക്ഷം പത്തു മടങ്ങായി ഉയർത്തിയാണ് മനോജിൻറെ ചരിത്ര വിജയം. 2899 വോട്ടിൻറെ ഭൂരിപക്ഷമാണ് 2021ൽ എൽദോസിന് ലഭിച്ചത്.

## തെരഞ്ഞെടുപ്പ് ഫലം യഥാർഥ ജനവിധിയല്ല, മുഖ്യമന്ത്രി സ്ഥാനം രാജിവയ്ക്കില്ലെന്ന് മമതാ ബാനർജി

കോൽക്കത്ത: പശ്ചിമ ബംഗാൾ മുഖ്യമന്ത്രി സ്ഥാനം രാജിവയ്ക്കില്ലെന്ന് മമതാ ബാനർജി. തെരഞ്ഞെടുപ്പ് ഫലം യഥാർഥ ജനവിധിയല്ലെന്നും ബിജെപിയും തെരഞ്ഞെടുപ്പ് കമ്മീഷനും ചേർന്ന് നടത്തിയ വലിയ ഗൂഢാലോചനയാണെന്നും അവർ ആരോപിച്ചു.

ധാർമികമായ വിജയം തങ്ങളുടെ പക്ഷത്താണെന്നും അതിനാൽ മുഖ്യമന്ത്രി സ്ഥാനം രാജിവയ്ക്കില്ലെന്നും മമതാ പ്രഖ്യാപിച്ചു. ഞാൻ തോറ്റിരുന്നെങ്കിൽ രാജിവയ്ക്കുമായിരുന്നു. പക്ഷേ സമ്മർദ്ദത്തിന് വഴങ്ങി ഞാൻ രാജിവയ്ക്കുമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ, അത് സംഭവിക്കാൻ പോകുന്നില്ല.

ഞങ്ങൾ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടില്ല, അത് അവരുടെ ബലപ്രയോഗമാണ്.- കോൽക്കത്തയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ മമതാ ബാനർജി പറഞ്ഞു.

തൻറെ യഥാർഥ എതിരാളി ബിജെപിയല്ല, മറിച്ച് തെരഞ്ഞെടുപ്പ് കമ്മീഷനായിരുന്നു. കമ്മീഷൻ വൃത്തികെട്ട കളി കളിച്ചു. ബിജെപിയും കമ്മീഷനും തമ്മിലുള്ള ഒത്തുകളിയാണ് നടന്നത്.

വോട്ടർ പട്ടികയിൽനിന്ന് 90 ലക്ഷം പേരുകൾ നീക്കം ചെയ്തു. കോടതിയിൽ പോയതിന് ശേഷമാണ് 32 ലക്ഷം പേരുകൾ തിരികെ ചേർത്തത്. ഐഎഎസ്, ഐപിഎസ് ഉദ്യോഗസ്ഥരെ മാറ്റി ബിജെപിക്ക് താൽപര്യമുള്ളവരെ നിയമിച്ചതും പ്രധാനമന്ത്രിയുടെയും ആഭ്യന്തര മന്ത്രിയുടെയും നേരിട്ടുള്ള ഇടപെടലുമാണ് ഈ ഫലത്തിന് പിന്നിൽ.

മഹാരാഷ്ട്ര, ഹരിയാന, ബിഹാർ എന്നിവിടങ്ങളിലെന്നപോലെ ബംഗാളിലും കേന്ദ്ര സർക്കാർ നേരിട്ട് തെരഞ്ഞെടുപ്പിൽ ഇടപെട്ടു. ഏകദേശം 100 സീറ്റുകൾ തങ്ങളിൽനിന്ന് ബലം പ്രയോഗിച്ച് തട്ടിയെടുത്തു.

നടന്നത് തെരഞ്ഞെടുപ്പല്ല. കേന്ദ്ര ഏജൻസികളും തെരഞ്ഞെടുപ്പ് കമ്മിഷനും ചേർന്ന് നടത്തിയ ഒത്തുകളി ആയിരുന്നു. തൻറെ ജീവിതത്തിൽ ഇത്രയും മോശമായ ഒരു തെരഞ്ഞെടുപ്പ് കണ്ടിട്ടില്ലെന്നും മമതാ ബാനർജി പ്രതികരിച്ചു.

ഒരു പോളിംഗ് സ്റ്റേഷനിൽവച്ച് താൻ ശാരീരികമായി ആക്രമിക്കപ്പെട്ടു. വയറ്റിലും പുറത്തും മർദ്ദനമേറ്റു. ആ സമയത്ത് സിസിടിവി ഓഫ് ചെയ്തിരിക്കുകയായിരുന്നു. കൗണ്ടിംഗ് സ്റ്റേഷനിൽനിന്നു തന്നെ പുറത്തേക്ക് തള്ളി. വോട്ടെടുപ്പിന് ശേഷം ഇവിഎമ്മുകളിൽ എങ്ങനെ 80-90 ശതമാനം ചാർജ് അവശേഷിച്ചുവെന്നും അവർ ചോദിച്ചു.

## ജയവും പരാജയവും ഡിഎംകെയ്ക്ക് പുത്തരിയല്ല; ആദ്യ പ്രതികരണവുമായി എം.കെ. സ്റ്റാലിൻ

ചെന്നൈ: തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ നേരിട്ട പരാജയം അംഗീകരിക്കുന്നതായി മുഖ്യമന്ത്രിയും ഡിഎംകെ അധ്യക്ഷനുമായ എം.കെ. സ്റ്റാലിൻ. ഡിഎംകെ ആറ് തവണ അധികാരത്തിലിരുന്നിട്ടുണ്ടെന്ന് ഓർമിപ്പിച്ച അദ്ദേഹം ജയവും പരാജയവും ഡിഎംകെയ്ക്ക് പുത്തരിയല്ലെന്നും പറഞ്ഞു.

ഭരണകക്ഷിയായിരുന്നപ്പോൾ ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കിയതുപോലെ ശക്തമായ പ്രതിപക്ഷമായി ജനങ്ങളുടെ ആവശ്യങ്ങൾക്കായി പോരാടുമെന്ന് സ്റ്റാലിൻ പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പിൽ ഡിഎംകെ സഖ്യത്തിന് 1,54,82,782 വോട്ടുകൾ കിട്ടി. ടിവികെയേക്കാൾ 17.43 ലക്ഷം വോട്ടുകൾ മാത്രമാണ് ഡിഎംകെയ്ക്ക് കുറവുള്ളത്. വോട്ടിംഗ് ശതമാനത്തിലെ വ്യത്യാസം വെറും 3.52 ശതമാനം മാത്രമാണ്. ഇത് ജനങ്ങൾ ഇപ്പോഴും ഡിഎംകെയിൽ അർപ്പിക്കുന്ന വലിയ വിശ്വാസത്തിൻറെ തെളിവാണ്.

പാർട്ടി പ്രവർത്തകർ കൂടെയുള്ളപ്പോൾ താൻ എന്തിനെ പേടിക്കണം. ഒന്നര കോടിയിലധികം വരുന്ന വോട്ടുകൾ സംസ്ഥാനത്ത് പാർട്ടി പ്രവർത്തകരുടെ കഠിനാധ്വാനത്തിൻറെ ഫലമാണ്. ജയിച്ച എല്ലാ ഡിഎംകെ സ്ഥാനാർഥികളും ഉടൻ തന്നെ മണ്ഡലങ്ങളിൽ നേരിട്ടെത്തി വോട്ടർമാരോട് നന്ദി അറിയിക്കണം. ജനാധിപത്യത്തിൽ ജനങ്ങളാണ് പരമാധികാരികൾ എന്നും അദ്ദേഹം കുറിപ്പിൽ ചൂണ്ടിക്കാട്ടി.

## ഖലിസ്ഥാൻ തീവ്രവാദം ഭീഷണിയെന്ന് കാനഡ

ഒട്ടാവ:ഖലിസ്ഥാൻ തീവ്രവാദം രാജ്യത്തിനു ഭീഷണിയെന്നു കാനഡയിലെ ഇൻറലിജൻസ് ഏജൻസി.

കാനഡ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഖലിസ്ഥാൻ തീവ്രവാദ പ്രസ്ഥാനങ്ങൾ അക്രമം പ്രോത്സാഹിപ്പിക്കുന്നതായും രാജ്യത്തിൻറെ താത്പര്യങ്ങൾക്കും ജനങ്ങൾക്കും ഭീഷണി ഉയർത്തുന്നതായും കനേഡിയൻ സെക്യൂരിറ്റി ഇൻറലിജൻസ് സർവീസ് തയാറാക്കിയ കഴിഞ്ഞ വർഷത്തെ പബ്ലിക് റിപ്പോർട്ടിൽ പറയുന്നു. കനേഡിയൻ സർക്കാരിൻറെ വെബ്സൈറ്റിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചില ഖലിസ്ഥാൻ തീവ്രവാദ പ്രസ്ഥാനങ്ങൾക്കു കനേഡിയൻ പൗരന്മാരുമായി അടുത്ത ബന്ധമുണ്ട്. പ്രസ്ഥാനങ്ങൾ സമുദായത്തിൽനിന്നു പണം സമാഹരിച്ച് അക്രമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. 40 വർഷം മുന്പ് എയർഇന്ത്യ വിമാനത്തിൽ ബോംബ് വച്ച് 329 പേരെ വധിച്ച സംഭവം കാനഡയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഭീകരാക്രമണമായിരുന്നു.

അതേസമയം, ഖലിസ്ഥാൻ രാഷ്ട്രരൂപവത്കരണത്തിനായി അക്രമവിരുദ്ധ പ്രചാരണം നടത്തുന്നതിനെ തീവ്രവാദമായി കരുതേണ്ടെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇന്ത്യയിൽ ആക്രമണം നടത്താൻ പണം സമാഹരിക്കുന്നതും പ്രചാരണം നടത്തുന്നതും വളരെ കുറച്ചുപേർ മാത്രമാണെന്നും റിപ്പോർട്ടിൽ കൂട്ടിച്ചേർക്കുന്നു.

## അക്രമങ്ങളുടെ കണക്കുകൾക്ക് ബാലറ്റിലൂടെ മറുപടി; ബംഗാൾ രാഷ്ട്രീയത്തിൽ നിശബ്ദ വിപ്ലവം

കോൽക്കത്ത: ബംഗാളിൻറെ രാഷ്ട്രീയ ഭൂപടത്തിൽ ഇന്ന് ദൃശ്യമാകുന്നത് അധികാരക്കൈമാറ്റത്തിൻറെ പുതിയൊരു ചരിത്രമാണ്. കേവലം രാഷ്ട്രീയ പാർട്ടികളുടെ ജയപരാജയങ്ങൾക്കപ്പുറം, പീഡനങ്ങളെയും അവഗണനകളെയും അതിജീവിച്ചവർ നേരിട്ട് നേതൃത്വത്തിലേക്ക് ഉയർന്നു വരുന്ന നിശബ്ദവിപ്ലവത്തിനാണ് അവിടെ അരങ്ങൊരുങ്ങുന്നത്.

കാലങ്ങളായി ഭരണകൂടത്തിൻറെ അവഗണനകൾക്കും സാമൂഹിക അതിക്രമങ്ങൾക്കും ഇരയായവർ സ്വന്തം ജീവിതാനുഭവങ്ങളെ പോരാട്ടവീര്യമാക്കി മാറ്റി നിയമനിർമ്മാണ സഭകളിലേക്ക് നടന്നു കയറുകയാണ്.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തുവിടുന്ന കണക്കുകൾ പ്രകാരം സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പശ്ചിമ ബംഗാൾ ഇന്നും മുൻനിരയിൽ തുടരുമ്പോൾ, ഈ ദുരവസ്ഥയോടുള്ള സാധാരണക്കാരുടെ പ്രതികരണം വോട്ടുപെട്ടികളിൽ കൃത്യമായി പ്രതിഫലിക്കുന്നുണ്ട്.

ആർ.ജി കർ മെഡിക്കൽ കോളേജ് പീഡനക്കേസിലെ ഇരയുടെ മാതാവ് രത്ന ദേബ്നാഥിൻറെ വിജയം ഈ മാറ്റത്തിൻറെ ഏറ്റവും വലിയ അടയാളമാണ്. കുറ്റവാളികളെ സംരക്ഷിക്കാൻ നീക്കങ്ങൾ നടക്കുന്നു എന്ന ആരോപണങ്ങൾക്കിടയിലും നീതിക്കുവേണ്ടിയുള്ള പോരാട്ടം തെരഞ്ഞെടുപ്പ് ഗോദയിലേക്ക് മാറ്റിയ അവർ 28,000-ലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്.

സമാനമായ പോരാട്ടവീര്യമാണ് സന്ദേശ്ഖാലിയിലെ അതിക്രമങ്ങളെ അതിജീവിച്ച രേഖാ പത്രയും കാഴ്ചവെച്ചത്. തങ്ങളെ വേട്ടയാടിയ രാഷ്ട്രീയ സ്വാധീനമുള്ളവർക്കെതിരെ പോരാടി 5,000-ത്തോളം വോട്ടുകൾക്ക് അവർ തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥിയെ പരാജയപ്പെടുത്തി.

വീട്ടുജോലി ചെയ്ത് തുച്ഛമായ വരുമാനത്തിൽ കഴിയുകയും രാഷ്ട്രീയ നിലപാടിൻറെ പേരിൽ വേട്ടയാടപ്പെടുകയും ചെയ്ത കലിത മാജിയുടെ വിജയവും ശ്രദ്ധേയമാണ്. 12,000-ലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ച കലിത, സാധാരണക്കാരൻറെ നിശ്ചയദാർഢ്യത്തിൻറെ പ്രതീകമായി മാറി.

ഇവിടെ തിരഞ്ഞെടുപ്പ് ഫലങ്ങൾ കേവലമൊരു രാഷ്ട്രീയ മുന്നേറ്റമല്ല, മറിച്ച് അടിച്ചമർത്തപ്പെട്ടവരുടെ ശക്തമായ ആത്മപ്രകാശനമാണ്. തങ്ങളെ വേട്ടയാടിയ സംവിധാനങ്ങളെ തിരുത്താനും തങ്ങൾക്കായി സംസാരിക്കാനും തങ്ങളിൽ നിന്നൊരാൾ വേണമെന്ന ഉറച്ച നിലപാടിലേക്ക് ബംഗാളിലെ വോട്ടർമാർ എത്തിച്ചേർന്നിരിക്കുന്നു.

ഭരണകൂടത്തിൻറെ വീഴ്ചകളിൽ പ്രതിഷേധിക്കുന്നതിനപ്പുറം, ജനാധിപത്യ പ്രക്രിയയിൽ നേരിട്ട് പങ്കാളികളായി അധികാരം കൈയാളുന്നതിലൂടെ മാത്രമേ യഥാർഥ മാറ്റം സാധ്യമാകൂ എന്ന് അവർ തിരിച്ചറിയുന്നു.

വോട്ട് എന്നത് വെറുമൊരു സമ്മതിദാനാവകാശമല്ലെന്നും അത് അധികാരികളെ വിചാരണ ചെയ്യാനും അവരെ ഉത്തരവാദിത്തമുള്ളവരാക്കി മാറ്റാനുമുള്ള ഏറ്റവും മൂർച്ചയുള്ള ആയുധമാണെന്നും ഈ മാറ്റം തെളിയിക്കുന്നു.

അക്രമങ്ങളുടെ കണക്കുകൾ ഭയപ്പെടുത്തുന്നതാണെങ്കിലും, ഭയത്തെ അതിജീവിച്ച് രാഷ്ട്രീയ ഉത്തരവാദിത്തം ഏറ്റെടുക്കുന്ന സ്ത്രീകളുടെയും സാധാരണക്കാരുടെയും ഈ മുന്നേറ്റം ഇന്ത്യൻ രാഷ്ട്രീയത്തിന് തന്നെ പുതിയൊരു ദിശാബോധം നൽകുന്നതാണ്.

## ജീവകാരുണ്യ പ്രവർത്തനം ക്രൈസ്തവജീവിതത്തിൻെറ അവിഭാജ്യഘടകം: മാർപാപ്പ

വത്തിക്കാൻ സിറ്റി: അയൽക്കാരനോടുള്ള സ്നേഹം ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിൻറെ ആധികാരികതയുടെ വ്യക്തമായ തെളിവാണെന്നു ലെയോ പതിനാലാമൻ മാർപാപ്പ. അയൽക്കാരനെ ആധികാരികമായി സ്നേഹിക്കുന്നവർ ദൈവവുമായിട്ടാണ് കൂടിക്കാഴ്ച നടത്തുന്നതെന്നും മാർപാപ്പ പറഞ്ഞു.

അമേരിക്കയിലെ കത്തോലിക്കാസഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ. ജീവകാരുണ്യ പ്രവർത്തനം വിഷമകരമായ ഒന്നാണെങ്കിലും ക്രൈസ്തവ ജീവിതത്തിലെ അവിഭാജ്യ ഘടകമാണ്. അപ്പസ്തോലന്മാരുടെയും ആദിമസഭയുടെയും കാര്യത്തിലെന്ന പോലെ, ദരിദ്രരെയും ഏറ്റവും ആവശ്യമുള്ളവരെയും പരിപാലിക്കുന്നതിലൂടെ സുവിശേഷത്തിൻറെ പ്രഘോഷണം വ്യക്തിപരവും സ്ഥാപനപരവുമായ തലങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുക സ്വാഭാവികമാണ്.

എന്നാൽ നിരുത്സാഹപ്പെടാതെ ഇത്തരത്തിലുള്ള സേവനം ആധികാരിക ക്രിസ്തീയ ജീവിതത്തിൻറെ അവിഭാജ്യ ഘടകമാണെന്ന് മറ്റുള്ളവർക്ക് കാട്ടിക്കൊടുക്കണം. ഇന്നത്തെ കാലഘട്ടത്തിൽ ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുമ്പോൾ വിവിധ വെല്ലുവിളികൾ നേരിടേണ്ടിവരുന്നുണ്ട്.

ഇത്തരം പ്രതിബന്ധങ്ങളെ നാം അഭിമുഖീകരിക്കുമ്പോഴാണ് 'ഞാൻ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്' എന്ന ഈശോമിശിഹായുടെ ശബ്ദം കേൾക്കാൻ നാം പഠിക്കേണ്ടതെന്നും മാർപാപ്പ പറഞ്ഞു. നിരാശയുടെയും സംശയത്തിൻറെയും നിമിഷങ്ങളിൽ ഇന്നും ഈശോമിശിഹാ നമ്മുടെ ചാരത്തേക്ക് കടന്നുവരുന്നുണ്ടെന്നു പറഞ്ഞ മാർപാപ്പ, കർത്താവിൻറെ കരുണയുടെ ശുശ്രൂഷ ഏറ്റവും താഴ്ന്നവരിലേക്ക് കൊണ്ടുപോകാനുള്ള ജീവകാരുണ്യപ്രവർത്തകരുടെ സന്നദ്ധതയ്ക്ക് നന്ദി അറിയിക്കുകയും ചെയ്തു.